# രാജർഷി

| പുസ്തകം 7 | 1116 കുംഭം. | ലക്കം 7 |
|---|---|---|

## മംഗളം.

ആരോടുമെന്ന്യ് പക തെല്ലുമാത്മീ-
യാരോഗ്യമെങ്ങും നിയതം പരത്തി
സാരോപദേശം നിജധർമ്മമാക്കി
നേരോടു "രാജർഷി" ജയിക്ക മേന്മേൽ!

S. N.

## ലീലാതിലകത്തിലെ മംഗളം.

ആചാര്യൻ ആരംഭിക്കുവാൻ പോകുന്ന ഗ്രന്ഥത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കു വേണ്ടി വാഗ്ദേവതാസ്മരണരൂപമായ മംഗളം ചെയ്യുന്നു:—

പാലോടുതുല്യരുചി, മൌലിയിലുല്ലസിക്കും-
ബാലേന്ദു, മന്ദമൃദുലസ്മിതവെണ്ണിലാവ്,
കോലിന്റെ പൂർണ്ണകരുണാകുലദൃഷ്ടി, വാചാ-
മൂലം തെളിഞ്ഞു മമ ചേതസി തോന്റ വേണ്ടും.

പാലോടു തുല്യരുചി=പാലിനോടുതുല്യമായ രുചിയുള്ളത്. രുചി=നിറം. വാഗ്ദേവിയുടെ വർണ്ണം വെളുപ്പാണ്.

“വെള്ളപ്പളുങ്കുനിറമൊത്ത വിശുദ്ധരൂപീ!
കള്ളം കളഞ്ഞ കമലത്തിലെഴുന്ന ശക്തീ!
വെള്ളത്തിലെത്തിരകൾ തള്ളിവരുംകണക്കെ-
ന്നുള്ളത്തിൽ വന്നുവിളയാടുക സരസ്വതി! നീ.”

എന്ന പ്രയോഗം നോക്കുക. മൌലിയിലുല്ലസിക്കും ബാലേന്ദു=മൌലിയിൽ ഉല്ലസിക്കുന്ന ബാലേന്ദുവോടു കൂടിയതു്. മൌലി=മുടി. ഉല്ലസിക്ക=വിളങ്ങുക. ബാലേന്ദു=ബാലചന്ദ്രൻ, ചന്ദ്രക്കല. സരസ്വതിയുടെ മുടിയണിയാണു് ചന്ദ്രക്കല. “വിരാജജ്ജടാമണ്ഡലാസക്തശീതാംശുഖണ്ഡം” എന്നു സരസ്വതീഭുജംഗം. ജടാമണ്ഡലത്തോടു് ചേർന്നു ശോഭിക്കുന്ന ചന്ദ്രക്കലയോടുകൂടിയതെന്നു് അതിന്റെ അർത്ഥം. മന്ദമൃദുലസ്മിതവെണ്ണിലാവു്=മന്ദവും മൃദുലവുമായ സ്മിതമാകുന്ന വെണ്ണിലാവോടു കൂടിയതു് മന്ദം=അല്പം. മൃദുലം=കോമളം. സ്മിതം=പുഞ്ചിരി. വെണ്ണിലാവു്=വെളുത്തനിലാവു്. മന്ദഹാസത്തിന്റെ വെണ്മ കവികളിൽ പ്രസിദ്ധമാണു്. കോലിന്റെ പൂർണ്ണകരുണാകുലദൃഷ്ടി=കോലുന്നതായ പൂർണ്ണകരുണാകുലദൃഷ്ടിയോടു് കൂടിയതു്. പൂർണ്ണമായ കരുണയാൽ ആകുലങ്ങളായ ദൃഷ്ടികൾ കോലുന്നതു് എന്നർത്ഥം. പൂർണ്ണം=നിറഞ്ഞതു്. കരുണ=ദയ. ആകുലങ്ങൾ=ഇളകുന്നവ. ദൃഷ്ടികൾ=മിഴികൾ. കോലുക=വഹിക്കുക. കവിദൃഷ്ട്യാ കരുണയും വെളുത്തതു തന്നെ.

“ഉള്ളിൽ നിറഞ്ഞുള്ള കാരുണ്യപീയൂഷം
തള്ളിപ്പുറത്തു പുറപ്പെട്ടിതോ
എന്നങ്ങു തോന്നുമാറുള്ളൊരു ഹാരംകൊ-
ണ്ടേററം വിളങ്ങുന്നോൻ മാറിലെങ്ങും”

എന്നു കൃഷ്ണഗാഥയിൽ ഹാരത്തെ കാരുണ്യമായി ഉൽപ്രേക്ഷിച്ചിരിക്കുന്നതു് നോക്കുക. സരസ്വതിയുടെ സർവ്വശുക്ലത്വത്തെ പ്രതിപാദിക്കുന്നവയാണു് പാലോടുതുല്യരുചി എന്നുതുടങ്ങിയ നാലുവിശേഷണങ്ങളും. “സർവ്വശുക്ലാ സരസ്വതീ” എന്നു് ആചാര്യദണ്ഡിയും “സുശുക്ലാംശുകാകല്പദേഹാ സരസ്വതീ” എന്നു് ശ്രീമച്ഛങ്കരാചാര്യരും പറഞ്ഞിരിക്കുന്നു. സരസ്വതിയുടെ പട്ടും ആഭരണങ്ങളും ദേഹവും അത്യന്തം വെളുത്തതാണെന്നാണു് ശങ്കരാചാര്യവാക്യത്തിന്റെ അർത്ഥം. ദണ്ഡിവാക്യാർത്ഥം=സ്പഷ്ടം. വാചാമൂലം=വാചകളുടെ മൂലം. വാചകൾ=വാക്കുകൾ മൂലം=ആദികാരണം. വാഗധിഷ്ഠാനദേവതയായ സരസ്വതീദേവിയെന്നർത്ഥം. വാക് ദിക് മുതലായ ശബ്ദങ്ങളെ വാചാ ദിശാ എന്നിങ്ങനെ ആകാരാന്തമായും പ്രയോഗിക്കാമെന്നു് ഭാഗുരിയെന്ന വൈയാകരണൻ പറയുന്നു. തെളിഞ്ഞു-പ്ര

സന്നയായിട്ട്. സരസ്വതിയുടെ സർവ്വശുക്ലതാപ്രതിപാദനം തൽപ്രസന്നതയെ സാധിക്കുന്നു. ആ വഴിക്ക്, ഇഷ്ടാർത്ഥദാനതൽപരയാണ് ദേവിയെന്നും വ്യഞ്ജിക്കുന്നു. മമ=എൻെറ. ചേതസി=മനസ്സിൽ. തോൻറവേണ്ടും=തോന്നണം.

പാലിനോടു തുല്യമായ നിറം പൂണ്ടും ബാലചന്ദ്രനേ മുടിയിലണിഞ്ഞും കോമളമന്ദഹാസമാകുന്ന തെളിനിലാവ് പൊഴിച്ചും കനിവ് വഴിഞ്ഞൊഴുകുന്ന കടാക്ഷവീക്ഷണം കലർന്നും വിളങ്ങുന്ന, സർവ്വശുക്ലയായ സരസ്വതീദേവി എൻെറ മനസ്സിൽ തെളിഞ്ഞു തോന്നുമാറാകേണമേ എന്നു വാക്യാർത്ഥം.

ഈ പദ്യത്തിൽ, സരസ്വതിയുടെ നിറം പാലിൻേറതിനോട് തുല്യമെന്നു പറകയാൽ ഉപമാലങ്കാരം. മന്ദഹാസത്തെ വെണ്ണിലാവായി രൂപണം ചെയ്തിരിക്കകൊണ്ട് ആ അംശത്തിൽ രൂപകം. സരസ്വതീവിശേഷണങ്ങൾ നാലും, മനസ്സിൽത്തെളിഞ്ഞു തോന്നുവാൻ അനുകൂലത സമ്പാദിക്കണമെന്ന അഭിപ്രായത്തിൽ പ്രയോഗിച്ചിട്ടുള്ളതു നിമിത്തം പരികരാലങ്കാരവും ഇതിലുണ്ട്. ഇപ്പറഞ്ഞ അർത്ഥാലങ്കാരങ്ങൾക്കു പുറമേ ലീലാതിലകകാരനാൽ പാദാനുപ്രാസമെന്നു വ്യവഹരിക്കപ്പെടുന്ന ദ്വിതീയാക്ഷരപ്രാസം, ബന്ധത്തിന് ശൈഥില്യംവരാത്തവിധത്തിലുള്ള ലകാരാനുപ്രാസം എന്നീ ശബ്ദാലങ്കാരങ്ങളുംഈമംഗളപദ്യത്തെ അലങ്കരിക്കുന്നു.

മസൃണതാരൂപമായ ശ്ലേഷവും ആഹ്ലാദകത്വാത്മകമായ മാധുര്യവും ഝടിത്യർത്ഥസമർപ്പണശീലമുള്ള പ്രസാദവും അവൈഷമ്യസ്വഭാവമായ സമതയും ഇതിലുള്ളതുകൊണ്ട് ഉൽകൃഷ്ടങ്ങളായ മണിപ്രവാളഗുണങ്ങളെല്ലാം ഈ മംഗളപദ്യത്തിൽ സമ്മിളിതങ്ങളായിട്ടുണ്ടെന്നു കാണാവുന്നതാണ്.

ഉത്തമമണിപ്രവാളത്തിന് വേണ്ടതായ ഭാഷാരസപ്രാധാന്യവും ഇതിലുണ്ട്. വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ രണ്ടുമൂന്നെണ്ണമേ ഇതിലുള്ളു എന്നതുകൊണ്ട് ഭാഷാപ്രാധാന്യം വ്യക്തമാണല്ലോ. സരസ്വതീവിഷയകമായ ഭക്തി എന്ന ഭാവം ഇതിൽ പ്രധാനമായി വ്യഞ്ജിക്കുന്നുണ്ട്. രസങ്ങൾക്കെന്നപോലെ ഭാവങ്ങൾക്കും ഒരിക്കലും ശബ്ദവാച്യത്വം വരാത്തതിനാലും അസംലക്ഷ്യക്രമത്വമുള്ളതുകൊണ്ടും ഭാവങ്ങളെക്കൂടി 'ഉത്തമം ഭാഷാരസപ്രാധാന്യേ' എന്ന സൂത്രത്തിലെ രസപദം കൊണ്ട് ഗ്രഹിക്കേണ്ടതാണെന്ന് വചനമുള്ളതിനാലും രസപ്രാധാന്യവും ഇതിലുള്ളതായി വിചാരിക്കണം. അതുകൊണ്ട് ഇത് ഉത്തമമണിപ്രവാളമാണ്.

ഈ പദ്യത്തിൽ പാലോടൊത്തുല്യരുചി മുതലായ നാലു വിശേഷണപദങ്ങളും ബഹുവ്രീഹിസമാസമാണ്. ഇത്തരം ബഹുവ്രീഹികൾ മണിപ്രവാളപദ്യങ്ങളിൽ ഒട്ടും അപൂർവ്വമല്ല.

"ആമ്പൽപ്രിയാഭരണമുകിനകാളക്രൂടം
ക്രമ്പും കുരാൽമിഴി തുളുമ്പിന കങ്കവെള്ളം
ചാരമ്പാഴമെന്മനസി ചാമ്പലണിഞ്ഞകോലം
കാമ്പോടുകൂടി മരുവീടുക മന്മഥാരേഃ"

ഇത്യാദികളായ ലീലാതിലകപദ്യങ്ങളിൽത്തന്നെ താദൃശബഹുവ്രീഹികൾ ധാരാളം കാണാവുന്നതാണ്. വിഭക്തിപ്രത്യയങ്ങളെ ലോപിപ്പിക്കാതെയും പേരെച്ചങ്ങളെ (നാമവിശേഷണങ്ങളെ) പൂർവ്വപദങ്ങളാക്കിയും മററും ചെയ്യുന്ന ഈ വിധം ഭാഷാസമാസങ്ങളെ പുനം മഹിഷമംഗലം, തുടങ്ങിയ ഭാഷാചമ്പൂകർത്താക്കന്മാർ തങ്ങളുടെ ഗ്രന്ഥങ്ങൾക്ക് ഒരു തിരുമംഗല്യമെന്നോണമാണ് കരുതിയിരുന്നതെന്നു അവരുടെ ഗ്രന്ഥങ്ങളിൽ പരിചയമുള്ളവരോട് പറഞ്ഞറിയിക്കേണ്ടതില്ല. പടിഞ്ഞ (അസ്തമിച്ച) ഞായറോട് (സൂര്യനോട്) കൂടിയത് പടിഞ്ഞായർ=പടിഞ്ഞാറ് എന്നിങ്ങനെ പശ്ചിമദിഗ്വാചിയായ നാമപദംപോലും താദൃശബഹുവ്രീഹിയാണ് എന്ന സംഗതി ഒരു കാലത്ത് ഇത്തരം സമാസത്തിന് കേരളത്തിൽഎത്രമാത്രം പ്രചാരമുണ്ടായിട്ടുണ്ട് എന്ന് തെളിയിക്കുന്നുണ്ടല്ലോ.

ഇപ്രകാരമാണ് ഈ പദ്യത്തിൻെറ അർത്ഥമെന്നാത്രേ ഈയുള്ളവൻ ധരിച്ചിരുന്നത്. എന്നാൽ ഇതിന്ന് മറെറാരുതരം വ്യാഖ്യാനം ശിരോമണി.പി. കൃഷ്ണൻ നായർ അവർകൾ എഴുതിപ്രസിദ്ധീകരിച്ചുകാണുകയുണ്ടായി. മദിരാശി മലയാളി സമാജത്തിൻെറ 1940-ലെ പ്രസിദ്ധീകരണമായ "കേരളോപഹാര"ത്തിൽ "ലീലാതിലകത്തിലെ മംഗളശ്ലോകം" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയ ആ വ്യാഖ്യാനപ്രകാരം ഈ പദ്യത്തിൻെറ അർത്ഥത്തിന്ന് ഞാൻ ഇവിടെ ആദ്യം വ്യാഖ്യാനിച്ച അർത്ഥത്തിൽ നിന്നും വളരെ വ്യത്യാസമുണ്ട്. "പാലിനോട് തുല്യമായ നിറമുള്ള മൌലിയിലുല്ലസിക്കുന്ന ബാലേന്ദുവിൻെറ, മന്ദവും മൃദുലവുമായ (ദേവീ) സ്മിതമോഎന്നുതോന്നുംവണ്ണമിരിക്കുന്ന വെണ്ണിലാവു കോലുന്ന, പൂർണ്ണകരുണാകുലദൃഷ്ടിയായ വാചാമൂലം എൻെറ മനസ്സിൽ തെളിഞ്ഞു തോന്നണം" എന്നതാണ് ശ്രീ-കൃഷ്ണൻ നായർ അവർകൾ വ്യാഖ്യാനിച്ച അർത്ഥത്തിൻെറ സംഗ്രഹം. ഇതിൽ കോലിൻെറ എന്നതുവരെയുള്ള അംശത്തിലാണ് അർത്ഥം വളരെ വ്യത്യാസപ്പെട്ടിട്ടുള്ളത്. ഞാൻ മുമ്പ് കാണി

ച്ച വിധത്തിലുള്ള ബഹുവ്രീഹിയുടെ ഓൎമ്മവരായ്കയായിരിക്കണം കൃഷ്ണൻ നായർ അവർകളെക്കൊണ്ടു് ഇങ്ങനെ വ്യാഖ്യാനിപ്പിച്ചതു്.

കേരളോപഹാരത്തിൽക്കാണുന്ന ആ വ്യാഖ്യാനമനുസരിച്ചുനോക്കുമ്പോൾ അതിൽ ചില ദോഷങ്ങൾ ഉള്ളതായിത്തോന്നുന്നു. ആ ദോഷങ്ങളിൽ ചിലതു് ആ വ്യാഖ്യാതാവിന്നുതന്നെ തോന്നിയിട്ടുള്ളതാണെന്നു് ആ വ്യാഖ്യാനംവായിച്ചാൽ മനസ്സിലാകുന്നുണ്ടു്, പക്ഷെ ആ ദോഷങ്ങളെവേണ്ടതുപോലെ സമാധാനിപ്പിച്ചിട്ടില്ലെന്നുള്ളതു് അദ്ദേഹംതന്നെ സമ്മതിക്കുമെന്നാണെനിക്കുതോന്നുന്നതു്. ആ വ്യാഖ്യാനപ്രകാരം ബാലേന്ദുപദം വെണ്ണിലാവിനോടാണല്ലോ അന്വയിക്കേണ്ടതു്. വ്യാഖ്യാതാവിന്നു് അഭിമതമായ ആ അന്വയം അനുവാചകന്മാൎക്കു തോന്നുകയില്ല. അതുകൊണ്ടു് അഭവന്മതയോഗമെന്ന ദോഷം ഉണ്ടു്. അഭിമതമായ പദത്തോടു് അന്വയം തോന്നാതിരിക്കുക എന്നതാണല്ലോ ആ ദോഷത്തിന്റെ സ്വരൂപം. ബാലേന്ദുപദം സമാസിക്കുന്നപക്ഷം സ്മിതത്തോടന്വയിക്കുന്നതായിട്ടാണു് തോന്നുന്നതു്. അപ്പോൾ പ്രസിദ്ധിവിരോധം സ്ഥലംപിടിക്കുന്നു. ബാലേന്ദുവിനു് സ്മിതം പ്രസിദ്ധമല്ലല്ലോ. മന്ദമൃദുലസ്മിതം പോലെയുള്ള വെണ്ണിലാവു് എന്നു് മദ്ധ്യമപദലോപിസമാസം സ്വീകരിച്ചു ബാലേന്ദുവിനെ വെണ്ണിലാവിനോടന്വയിപ്പിക്കയാണല്ലോ വ്യാഖ്യാതാവു് ചെയ്തിട്ടുള്ളതു്. ആ അന്വയമോ താദൃശമായ അൎത്ഥമോ അനുവാചകന്മാൎക്കു പ്രതീതിവിഷയമാകാത്തതു കൊണ്ടു് അപ്രതീതമെന്നദോഷം അപരിഹാൎയ്യമായിവരുന്നു സ്മിതം ദേവിയുടെയാണെന്നും തീരെത്തോന്നുന്നില്ല. അതുകൊണ്ടു് അപ്രതീതത്തിനുതന്നെ ആവൃത്തിവരുന്നു. വ്യാഖ്യാനം കൊണ്ടോ മററാ അങ്ങനെ പ്രതീതിയുണ്ടാക്കാമെന്നുവെച്ചാൽ ക്ലിഷ്ടതാദോഷവും കൂടി വരികയാണു് ചെയ്യുന്നതു്. ദേവീസ്മിതം ഉൽപ്രേക്ഷ്യമായതിനാൽ വ്യാഖ്യാതാവിന്റെ പക്ഷത്തിൽ അതു് അപ്രസിദ്ധമായിരിക്കേണ്ടതാണു് ഏതായാലും ആ സ്മിതം ഉൽപ്രേക്ഷ്യമായ സ്ഥിതിക്കു് ദേവിയിൽ അതപ്പോൾ ഉണ്ടായിരിക്കുവാൻ പാടില്ലാത്തതാണു്. അതു് ഭക്തന്മാൎക്കു് രസമാവുമോ എന്തോ? ദേവീപദം പ്രയോഗിക്കായ്കയാൽ ന്യൂനപദമെന്ന ദോഷവും ഇല്ലായ്കയില്ല. ഇതിന്നും പുറമേ വെണ്ണിലാവിന്നു് ചെന്നന്വയിക്കേണ്ടുന്ന കോലുന്ന എന്ന ക്രിയ ഉത്തരാൎദ്ധഗതമായിയെന്നുള്ളതു് വേറെയൊരുദോഷമാണു്. "നാൎദ്ധേകിഞ്ചിൽ സമാപ്തം വാക്യം" എന്നു "കാവ്യാലങ്കാരസൂത്രവൃത്തി"യിൽ വാമനൻ പറഞ്ഞിരിക്കുന്നു. പൂൎവ്വാൎദ്ധത്തിൽ ഒരു വാക്യത്തെ മിക്കതും അവസാനിപ്പിച്ചു് അല്പം മാത്രം ഉത്തരാൎദ്ധത്തിലേക്കു

നിവൃത്തിവെക്കുന്നത് ഒരു പദ്യദോഷമാണെന്നാണല്ലോ ഇതിൻെറ താല്പൎയ്യം. ബാലേന്ദുവിനെ ധരിക്കുന്ന എന്നല്ലാതെ വെണ്ണിലാവിനെ ധരിക്കുന്ന സരസ്വതി എന്നു കേൾക്കുമ്പോൾ ഒരു വല്ലായ്മ തോന്നുന്നുമുണ്ട്.

വശ്യവചസ്സുകളായ മഹാന്മാരുടെ ശ്ലോകങ്ങളെ പലവിധത്തിലും വ്യാഖ്യാനിക്കാവുന്നതാണ്. കരുണാമയിയായ സരസ്വതീദേവിയുടെ മനോവൈമല്യദായകമായ ആ നിൎമ്മലരൂപം മനസ്സിൽ തെളിഞ്ഞു തോന്നുവാൻ ഞാൻ വ്യാഖ്യാനിച്ച അൎത്ഥം അധികം അനുകൂലമാകുമെന്നാണെൻെറ വിശ്വാസം. ഒരുപക്ഷെ അതു് സ്വനിൎമ്മിതത്വപ്രണയാവലുണ്ടെന്നും നിമിത്തമാവാം. ഈ രണ്ടു വ്യാഖ്യാനങ്ങളിൽ അധികം നല്ലതേതാണെന്നു തീൎച്ചപ്പെടുത്തേണ്ടതു് ഗുണദോഷവിവേചനപ്രവീണന്മാരായ സഹൃദയന്മാരാണ്

കെ. പി. നാരായണപ്പിഷാരോടി.
ശിരോമണി.

## സുഭഗോദയം

(സ്തോത്രം)

(തുടൎച്ച)

വിദേഹോ നൈരൃത്യാസ്സുത ഇഹ ഋഷിഷ്ഠസ്സ്വചമനോ
രയം ചാൎത്ഥസ്സമ്യക് ശ്രുതിശിരസ് തൈത്രീയക ഋചി
ഋഷിം ഹിത്വാചാസ്യാം ഹൃദയകമലേ നൈതമൃഷിമി-
ത്യൂചാംഭ്യുക്തഃ പൂജാവിധിരിഹ ഭവത്യാസ്സമയിനാം. 22

ത്രിഖണ്ഡസ്ത്വന്മന്ത്രസ്തവ ചസരളായാം നിവിശതേ
ശ്രിയോദേവ്യാശ്ശേഷോയത ഇഹസമസ്താഃ ശശികലാഃ
ത്രിഖണ്ഡൈത്രൈഖണ്ഡ്യം നിവസതിസമന്ത്രേചസുഭഗേ!
ഷഡബ്ജാരണ്യാനീത്രിതയയുതഖണ്ഡേനിവസതി ॥ 23

ത്രയംചൈതൽസ്വാന്തേപരമശിവപൎയ്യങ്കനിലയേ
പരേസാദാഖ്യസ്മിൻ നിവസതിചതുൎദ്ദൈക്യകലനാൽ
സ്വരാസ്തേലീനാസ്തേ ഭഗവതി! കലാശ്ചേച സകലാഃ
കകാരാദ്യാവൃത്തേ തദനുചതുരശ്രേചയമുഖാഃ. 24

ഹലോബിന്ദുവൎഗ്ഗാഷ്ടകമിഭദളം ശാംഭവവപുഃ
ചതുശ്ചക്രം ചക്രസ്ഥിതമനുഭയം ശക്തിശിവയോഃ
നിശാദ്യാദശാദ്യാശ്രുതിനിഗദിതാഃ പഞ്ചദശധാ
ഭവേയുന്നിത്യാസ്താസ്തവജനനിമന്ത്രാക്ഷരഗണാഃ. 25

ഇമാസ്താഃ ഷോഡശ്യസ്തവ ച സരഘായാം ശശികലാഃ
സ്വരൂപായാം ലീനം നിവസതി തവ ശ്രീശശികലാ ।
അയം പ്രത്യാഹാരഃ ശ്രുത ഇഹ കലാവ്യഞ്ജനഗണഃ
കകാരേണാകാരഃ സ്വരഗണമശേഷം കഥയതി ॥ 26

ക്ഷകാരഃ പഞ്ചാശൽകല ഇതി ഹരോബൈന്ദവഗൃഹം
കകാരാദ്യഭ്യാസം സ്യാജ്ജനനി! തവ നാമാക്ഷരമിതി
ഭവേൽപൂജാകാലേ മണിഖചിതഭൂഷാഭിരഭിതഃ
പ്രദാഭിർവ്യാലീഢം ഭവതി മണിപൂരം സരസിജം । 27

വദന്ത്യേകേ വൃദ്ധാ മണിരിതി ജലം തേന നിബിഡം
പരേ തത്ത്വരൂപം മണിധനരിതീദം സമയിനഃ
അനാഹത്യാന്നാദഃ പ്രഭവതി സുഷുമ്നാധ്വജനിതഃ
തദാ വായോസ്തത്ര പ്രഭവ ഇദമോംഹസ്സമയിനഃ ॥ 28

തദേതത്തേ സംവിൽകമലമിതി സംജ്ഞാന്തരമുമേ!
ഭവേൽസംവിൽപൂജാ ഭവതി കമലേസ്മിൻ സമയിനാം
വിശുദ്ധാഖ്യേ ചക്രേ വിയദുദിതമാഹുസ്സമയിനാം
സദാപൂർവ്വോ ദേവശ്ശിവ ഇതി ഹി മാനീ സമതനുഃ 29

തദീയൈരുദ്യോതൈർഭവതി ച വിശുദ്ധാഖ്യസദനം
ഭവേൽ പൂജാ ദേവ്യാഹിമകരകലാഭിസ്സമയിനാം
സഹസ്രാരേ ചക്രേ നിവസതി കലാപഞ്ചദശകം
തദേതന്നിത്യാഖ്യം ഭ്രമതി സിതപക്ഷേ സമയിനാം । 30

കലായാഃ ഷോഡശ്യാഃ പ്രതിഫലിതബിംബേന സഹിതം
തദീയൈഃ പീയൂഷൈഃ പുനരധികമാഹ്ലാദിതതനുഃ
സിതേ പക്ഷേ സിദ്ധാസ്തിഥയ ഇഹ കൃഷ്ണേപി ച സമാഃ
യദാ ചാമാവാസ്യാം ഭവതി ന ഹി പൂജാ സമയിനാം ॥ 31

അതഃ ശുക്ലപക്ഷേ പ്രതിദിനമിഹ ത്വാം ഭഗവതീം
നിശായാം സേവന്തേ നിശി ചരമഭാഗേ സമയിനഃ ।
ശുചിഃ സ്വാധിഷ്ഠാനേ രവിരപി രിസംവിൽസരസിജേ
ശശീ ചാജ്ഞാചക്രേ ഹരിഹരവിധിഗ്രന്ഥയ ഇമേ ॥ 32

ഇഡായാം പിംഗല്യാം ചരത ഇഹ തൌ സൂര്യ്യശശിനൌ
തമസ്യാധാരേ തൌ യദി തു മിളിതൌ സാ തിഥിരമാ
തദാജ്ഞാചക്രസ്ഥം ശിശിരകരബിംബം രവിനിഭം
ഉദഗ്വ്യാലീഢം സദ്വിഗളിതസുധാസാരവിസരം. 33

മഹാവ്യോമസ്ഥേന്ദോരമൃതലഹരീപ്ലാവിതതനുഃ
പ്രതുഷ്യദ്വൈ നാഡീപ്രകരമനിശം പ്ലാവയതി തൽ
യദാജ്ഞായാം വിദ്യുന്നിയുതനിയുതാഭാക്ഷരമയീ
സിതാ വിദ്യുല്ലേഖാ ഭഗവതി വിധിഗ്രന്ഥിമഭിനൽ ॥ 34

തതോഗത്വാജ്ജ്യോൽസ്നാമയസമയലോകം സമയിനാം
പരാഖ്യാസാദാഖ്യാജയതിശിവതത്വേനമിളിതം
സഹസ്രാരേ പത്മേശിശിരമഹസോബിംബമപരം
തദേവശ്രീചക്രം സരഘലമിതിതൽബൈന്ദവമിതി. 35

വദന്ത്യേകേസന്തഃ പരശിവപദേതത്വമിളിതേ
തതസ്തത്വം ഷഡ്വിംശാഭവസിശിവയോമ്മേളനവപുഃ
ത്രിഖണ്ഡേസ്മിൻസ്വാന്തേ പരമപദപേഷ്യങ്കസദനേ
പരേ സാദാഖ്യേസ്മിൻ നിവസതിചതുർദ്ധൈക്യകലനാൽ 36

ഇതി സമയമതോപാസ്തിതത്വം

ക്ഷിതൌവഹ്നിർഹൈനൌവസുദളേജലേദിങ്മരുതിദി-
ക്കലാശ്രേമനാശ്രം ദൃശിവസുരധോരാജകമലേ
പ്രതിദ്വൈത്യതൽഗ്രന്ഥിസ്ഥദ്വപരിചതുർദ്വാരസഹിതം
മഹാചക്രം ചൈകം ഭവതിഭഗകോണൈക്യകലനാൽ 37

ഇതി മന്ത്രചക്രൈക്യം.

ഷഡബ്ജാരണ്യേസ്ത്വാംസമയിനഇമേ പഞ്ചകസമാം
സദാസംവിദ്രൂപാംവിദധതി ച ഷോഢൈക്യകലിതാം
മനോജിത്വാചാജ്ഞാസരസിജമിഹപ്രാദുരഭവ-
ത്തടില്ലേഖാനിത്യാഭഗവതിതവാധാരസദനാൽ. 38

ഭവൽസാമ്യം കേചിത്ത്രിതയമിതികൌളപ്രഭൃതയഃ
പരം തത്വാഖ്യം ചേത്യപരമിദമാഹുസ്സമയിനഃ
ക്രിയാവസ്ഥാരൂപം പ്രകൃതിരഭിധാപഞ്ചകസമം
തദേഷാം സാമ്യത്വാദവനിഷുചയോരേഃത്തിസമനിഃ 39

ഇതി അവസ്ഥാപഞ്ചകം.

വശിന്യാദ്യാ അഷ്ടാവകചടതപാദ്യാ പ്രകൃതയഃ
സ്വവർഗ്ഗസ്ഥാഃ സ്വസ്വായുധകലിതഹസ്താഃ സ്വവിഷയാഃ
യദാവർഗ്ഗാവർണ്ണപ്രചുരതനവോയാഭിരഭവൻ
തവപ്രസ്താരാംസ്തേത്രയ ഇതിജഗുസ്തേ സമയിനഃ 40

ഇമാനിത്യാവർണ്ണാസ്തവചരണസമ്മേളനവശാൽ
മഹാമേരുസ്ഥാസ്യുർമ്മനുമിളനകൈലാസവപുഷഃ
വശിന്യാദ്യാ ഏതാ അചിതവസബിന്ദ്വാത്മകതയാ
മഹീപ്രസ്താരോയം ക്രമഇതിരഹസ്യം സമയിനാം 41

ഇതി പ്രസ്താരത്രയനിരൂപണം.

ഭവേന്മൂലാധാരം തദുപരിതനം ച ക്രമമപി
ദ്വയം താമിസ്രാഖ്യം ശിഖികിരണസമ്മേളനവശാൽ
തദേതൽ കൌളാനാം പ്രതിദിനമനുഷ്ഠേയമുദിതം
ഭവത്യാവാമാഖ്യം മതമപി പരിത്യാജ്യമുഭയം 42

അമീഷാം കൌളാനാം ഭഗവതി ഭവേൽ പൂജനവിധി
സ്ത്വവസ്വാധിഷ്ഠാനേ തദനുചഭവേന്മൂലസദനേ
അതോബാഹ്യാപൂജാഭവതിഭവദ്രൂപേണചരിതോ
നിഷിദ്ധാചാരോയാ നിഗമവിരഹോഽനിന്ദ്യചരിതേ. 43

നവവ്യൂഹം കൌളപ്രഭൃതികമതം തേനസവിഭ-
ന്നവാത്മാദേവോയം ജഗദുദയകൃൽഭൈരവവപുഃ
നവാത്മാവാമാദിപ്രഭൃതിഭിരിദംബൈന്ദവവപു-
ർമ്മഹാദേവീതാഭ്യാം ജനകജനനീമജ്ജഗദിദം. 44

ഭവേദേതച്ചക്രദ്വിതയമതിദൂരം സമയിനാം
വിസൃജ്യൈതല്ലൃശം തദനുമണിപൂരാഖ്യസദനേ
തയാസ്സൃഷ്ടൈർവാരിപ്രതിഫലിതസൂര്യേന്ദുകിരണൈഃ
ദ്വിധാലോകേ പൂജാം വിദധതി ഭവത്യാസ്സമയിനഃ 45

ഇതി കൌളസമയപൂജാനിരൂപണം.

അധിഷ്ഠാനാധാരദ്വിതയമിദമേവം ദശദളം
സഹസ്രാരാജ്ജാതം മണിപൂരമിതോഭ്രദ്രശദളം
ഹൃദംഭോജാന്മൂലാന്നൃപദളമഭൂൽ സ്വാന്തകമലം
തദേവൈകോബിന്ദുർഭവതിജഗദുല്പത്തികൃദയം. 46

സഹസ്രാരം ബിന്ദുർഭവതി ചതതോബൈന്ദവഗൃഹം
തദേതസ്മാജ്ജാതം ജഗദിദമശേഷം സകരണം
തതോമൂലാധാരാദ്വിതയമഭവത്തദ്ദശദളം
സഹസ്രാരാജ്ജാതം തദിതിദശധാ ബിന്ദുരഭവൽ 47

തദേതൽബിന്ദോഷ്ഷ്ദ്ദശകമഭവൽ തൽപ്രകൃതികം
ദശാരം സൂര്യാരം നൃപദളമഭൂൽ സ്വാന്തകമലം
രഹസ്യം കൌളാനാം ദ്വിതയമഭവന്മൂലസദനം
തഥാധിഷ്ഠാനം ച പ്രകൃതിമഥ സേവന്ത ഇഹ തേ। 48

അതസ്തേ കൌളാസ്തേ ഭഗവതി ദൃഢം പ്രാകൃതജനാഃ
ഇതിപ്രാഹുഃ പ്രാജ്ഞാഃ കുളസമയമാർഗ്ഗദ്വയവിദഃ
മഹാന്തസ്സേവന്തേ സകലജനനീം ബൈന്ദവഗൃഹേ
ശിവാകാരാം നിത്യാമമൃതരുധിരികാമൈന്ദവകലാം ॥ 49

ഇതി കൌളപൂജാനിരസനപൂർവ്വം സമയമതപ്രശസ്തിഃ

ഇദം കൌളോല്പത്തിസ്ഥിതിലയകരം ചക്രനികരം
ത്രിഖണ്ഡം ശ്രീചക്രം മനുരപി ചതേഷാം ച മിളനം
തദൈക്യം ഷോഢാവാഭവതിച ചതുർദ്ധേതി ചതഥാ
തയോസ്സാമ്യം പഞ്ചപ്രകൃതികമിദം ശാസ്ത്രമുദിതം 50

SENTED BY SRI M. K. VASUDEVAN NAIR MANIYARA VEEDU MALAYINKIL

ഇതി ശാസ്ത്രപ്രശസ്തിഃ.

ഉപാസ്തേരേതസ്യാഃ ഫലമപി ച സൎവ്വാധികമമു–
ത്തദേതൽകൈവല്ല്യാനാം ഫലമിഹഹി ചൈതൽസമയിനാം
സഹസ്രാരേ പത്മേ സുഭഗസുഭഗോദേതി സുഭഗേ!
പരം സൌഭാഗ്യം യത്തദിഹ തവ സായൂജ്യപദവി. 51

അതോസ്യാസ്സംസിദ്ധൌ സുഭഗസുഭഗാഖ്യാംഗുരുകൃപാ.
കടാക്ഷവ്യാസംഗാൽ സ്രവദമൃതനിഷ്യന്ദസുലഭാ
തയാവിദ്ധോ യോഗീ വിചരതിനിശായാമപിദിവാ
* ദിവാഭാന്തരാം ത്രൗവിധുരിവകൃതാൎത്ഥീകൃതമതിഃ. 52

ഇതി ഫലശ്രുതിഃ। സുഭഗോദയഃ സംപൂൎണ്ണഃ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

* (ശ്രീദേവ്യുപാസ്തിവിഷയത്തിൽ അതിപ്രൌഢമായ ഈ ഗ്രന്ഥത്തിന്നു ഒരു വ്യാഖ്യാനം എവിടെ എങ്കിലും അന്വേഷിച്ചയച്ചുതരുന്നതായാൽ സമ്പാദകൻമാക്കു തക്കപ്രതിഫലം കൊടുക്കുവാൻ തയാറാണ്.)

തെക്കെ അമ്പാടിയിൽ മീനാക്ഷി അമ്മ. തൃപ്പൂണിത്തുറ.

## തമിഴിൻെറ നേട്ടം—വഞ്ചീശ്വരൻെറ വദാന്യത!!

തമിഴ്നാട്ടുജനങ്ങൾ വളരെ അഭിമാനമായ് കരുതിവരുന്നതും, ശ്രീവഞ്ചിമഹാരാജാക്കന്മാരുടെ ഗുണഗ്രാഹിതയ്ക്കും, സാഹിത്യപ്രണയത്തിനും, വദാന്യതയ്ക്കും ഉദാഹരണമായിപ്പറയപ്പെട്ടുപോരുന്നതും ആയ ഒരു ചരിത്രസംഭവത്തേയാണ് ചുവടേ വിവരിയ്ക്കുന്നത്. ദാക്ഷിണാത്യകലാനിധി എന്നും, മഹാമഹോപാധ്യായൻ എന്നും ഉള്ള വിശിഷ്ടബിരുദങ്ങളാൽ വിഭൂഷിതനായ ഡോക്ടർ—ശ്രീസ്വാമിനാഥയ്യർ ഇക്കഥ തമിഴ്സാഹിത്യത്തിൽ രേഖപ്പെടുത്തിക്കഴിഞ്ഞിട്ടും ഉണ്ട്. അതാവിതു്:—

തമിഴ്നാട്ടിൽ ശൈവമഠങ്ങൾ അനവധിയുണ്ടല്ലോ. മുൻകാലത്തു് അവയ്ക്കു് അനുക്രമമായ അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരുന്നു. അവയിൽ പലതിനും ഒട്ടേറെ സ്വത്തുക്കളും അവിടവിടെ ദേശവഴികളും ഉണ്ടായിരുന്നു. ഈവക മുതൽ അധികവും, അതാതുകാലത്തേ മഠാധിപതികളുടെ മഹനീയതനിമിത്തം ഓരോരുത്തർ ദാനംചെയ്തു വഴിയ്ക്കു കി

ട്ടിയിട്ടുള്ളതും, മഠാധിപതികളുടെ ശിഷ്യന്മാർ പരിശ്രമിച്ചു സമ്പാദിച്ചിട്ടുള്ളതും ആകുന്നു.

ഇത്തരം ശിഷ്യന്മാരേ "തമ്പിരാൻ" എന്നാണു പറഞ്ഞുവരുന്നതു്. അവക്കു് തങ്ങളുടെ ആചാര്യന്മാരേപ്പററി നിരതിശയമായ ഭക്തിയും ബഹുമാനവും ഉണ്ടായിരുന്നു. അതുനിമിത്തം, തമിഴ്നാട്ടിലും പുറമേയും ഉള്ള ഔദാര്യനിധികളേ അവർ തങ്ങളുടെ വിദ്യാബലാദികൾ കൊണ്ടു് സ്വാധീനമാക്കുകയും, അവരിൽനിന്നു് മഠത്തിലേയ്ക്കു വേണ്ടുന്ന സ്വത്തുകൾ നേടുകയും ചെയ്തുവന്നു. തങ്ങൾക്കു കിട്ടുന്ന കൈമുതലും വസ്തുവകകളും ഗുരുചരണങ്ങളിൽ സമപ്പിച്ചു കൃതാൎത്ഥത പൂകുകയായിരുന്നു അവരുടെ ശൈലി.

ഈവക മഠങ്ങളിൽവച്ചു് ഏററവും കേളികേട്ട ഒന്നാണു് 'തിരുവാവഴുത്തുറ'യിലുള്ള ആചാര്യമഠം. ആ മഠംവക ഒട്ടേറെ 'തമ്പിരാൻ' മാർ, മേൽപറഞ്ഞതരത്തിൽ, മഠത്തിലേയ്ക്കു മുതലുണ്ടാക്കിക്കൊടുത്തിട്ടുണ്ടു്. ശ്രീ'ശിവജ്ഞാന'യോഗിയും, ശ്രീ'കച്ചിയപ്പസ്വാമി'യും ഈവിധത്തിൽ അനവധി സ്വത്തു്, മദ്രാസിലും കാഞ്ചീപുരത്തിലും ഉള്ള മഠങ്ങളിലേയ്ക്കു സമ്പാദിച്ചുകൊടുത്തിട്ടുള്ളതു വിശേഷിച്ചും സ്മരണീയമാണു്. ഇവിടെ ഉദ്ദേശം ഇരുന്നൂറു സംവത്സരങ്ങൾക്കുമുമ്പു്, ഇത്തരത്തിൽ ഒരു 'തമ്പിരാൻ' പ്രസ്തുതമഠത്തിലേയ്ക്കു് ഉണ്ടായിരുന്നു. ആ മഹാത്മാവിൻെറയോ, അദ്ദേഹത്തിൻെറ ആചാര്യവയ്യൻെറയോ പേർ ഇപ്പോൾ അറിയാൻ കഴിയുന്നില്ലെന്നും പറയേണ്ടതുണ്ടു്. ഈ തമ്പിരാൻ തമിഴ് സാഹിത്യത്തിൽ അപാരപണ്ഡിതനായിരുന്നു. മേലേക്കിടയിലുള്ള മഹാകവിത്വവും അദ്ദേഹത്തേ അനുഗ്രഹിച്ചിരുന്നു. സംസ്കൃതത്തിലും സംഗീതത്തിലും തികഞ്ഞ വിജ്ഞാനവും അദ്ദേഹത്തിനുണ്ടായിരുന്നു. ആചാര്യപാദങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തിശ്രദ്ധാദികൾ നിമിത്തം, എപ്പോഴും മഠത്തിൻെറ അഭിവൃദ്ധിയ്ക്കുവേണ്ടി പ്രയത്നിയ്ക്കുകയായിരുന്നു അദ്ദേഹത്തിൻെറ ജീവിതവ്രതം. അദ്ദേഹം വലിയ ശിവഭക്തനും ആയിരുന്നു. ശിവപൂജ ഒരിക്കലും മുടങ്ങാതെ അദ്ദേഹം അനുഷ്ഠിച്ചുപോന്നു. ഹൃദയഹാരിയായ ആകൃതിയും, അഭങ്ഗുരമായ അനുഷ്ഠാനനിഷ്ഠയും അദ്ദേഹത്തിൻെറ അനുഭാവവിശേഷത്തേ അതുല്യമാക്കിത്തീർത്തിരുന്നു.

ഏവംവിധനായ 'തമ്പിരാൻ' നാടുമുഴുവൻ ചുററിനടന്നു്, തൻെറ ശിവപൂജാനിഷ്ഠകൊണ്ടും, വിദ്യാബലത്താലും പലപല ധനികേശ്വരന്മാരുടേയും പരമപ്രീതിയ്ക്കു പാത്രീഭവിയ്ക്കുകയും, അവർ നല്കുന്ന

പാരിതോഷികങ്ങൾ അപ്പാടെ മഠാധിപതികളുടെ കാല്ക്കൽ 'കാണിയ്ക്ക'യായി വയ്ക്കുകയും ചെയ്യുവന്നു. 'തമ്പിരാ'ൻെറ കവിതാസാമൎത്ഥ്യവും ഇങ്ങനെ ജനങ്ങളെ വശീകരിയ്ക്കുന്നതിന് ഒരുപകരണമായിത്തീൎന്നിരുന്നു. തദ്ദ്വാരാ മഠത്തിലെ മുതൽ മാത്രമല്ല വൎദ്ധിച്ചുള്ളു; ഉത്തമഭക്തന്മാരും പെരുകിവന്നു. ഈ 'തമ്പിരാൻ' ഇത്ര സാത്ത്വികനും, വിദ്വത്തമനും, മഹാത്മാവും, സിദ്ധനും ആയിരിയ്ക്കുന്ന സ്ഥിതിയ്ക്ക് ഇദ്ദേഹത്തിൻെറ ഗുരുനാഥൻ എത്രയോ വിശിഷ്ടതമനായിരിയ്ക്കണം, എന്നു കരുതി ജനങ്ങൾ "തിരുവാവട്ടത്തുറ'യിലെ മഠാധിപതിയായ ആചാൎയ്യവൎയ്യനെ കണ്ടു വന്ദിയ്ക്കുവാനായി അങ്ങോട്ടു പാഞ്ഞുതുടങ്ങി. മഠത്തിൻെറ അഭിവൃദ്ധിയ്ക്കും 'പ്രചാര'ത്തിനും അതുമൊരു കാരണമായിബ്ഭവിച്ചു.

അക്കാലത്തു തിരുവിതാംകൂർ നാടുവാണിരുന്ന കുലശേഖരപ്പെരുമാൾ തിരുമനസ്സുകൊണ്ട്, വലിയ വിദ്വത്പക്ഷപാതിയും, വദാന്യവൎയ്യനും ആണെന്ന് 'തമ്പിരാൻ' കേട്ടറിഞ്ഞു. താദൃശനായ വഞ്ചീശ്വരനെ കാണുവാൻ 'തമ്പിരാൻ' തിരുവനന്തപുരത്തെത്തി. തിരുവനന്തപുരത്തെ ശൈവന്മാർ 'തമ്പിരാന്' യഥാൎഹം സ്വാഗതം ചെയ്തു. ഈ നാട്ടുകാരായ ശൈവന്മാരിൽനിന്ന്, മഹാരാജാവുതിരുമനസ്സുകൊണ്ടു സംസ്കൃതവിദ്വാന്മാരേയും, സംഗീതവിദഗ്ദ്ധന്മാരേയും ആണ് അധികമായി മാനിയ്ക്കുക എന്നും, തമിഴ്പണ്ഡിതന്മാരോട് അവിടെയ്ക്കത്ര ആഭിമുഖ്യം ഇല്ലെന്നും 'തമ്പിരാൻ' മനസ്സിലാക്കി. എങ്കിലും 'തമ്പിരാൻ' ഇതിൽ നിരാശനായില്ല. ഏതുവിധത്തിലെങ്കിലും മഹാരാജാവിനെ നേരിട്ടുകാണണമെന്നുതന്നെ അദ്ദേഹം തീൎച്ചയാക്കി. അതു സാദ്ധ്യമല്ലെന്നു ചില ശൈവസുഹൃത്തുക്കൾ പറഞ്ഞത് അദ്ദേഹമത്ര കാൎയ്യമായ് ഗണിച്ചതുമില്ല.

ഏതായാലും, ശൈവസുഹൃത്തുക്കളുടെ ആതിഥ്യമേററുകൊണ്ടു തമ്പിരാൻ തിരുവനന്തപുരത്തു കുറേദ്ദിവസം പാൎത്തു. ഒരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ട് ശ്രീപത്മനാഭദൎശനത്തിന് എഴുന്നള്ളുമ്പോൾ, പ്രസ്തുത'തമ്പിരാൻ' വഴിയിൽ കാത്തുനിന്നു. സമയത്തിനു മഹാരാജാവ് എഴുന്നള്ളുകയായി! പട്ടക്കാരും, പരിവാരങ്ങളും 'തമ്പിരാൻ' നില്ക്കുന്നതുകണ്ടു. ആശീഷ്പാദം ഭസ്മം, കണ്ണങ്ങളിൽ കുണ്ഡലങ്ങൾ, ഗൌരീശങ്കരയുക്തമായ രുദ്രാക്ഷമാല, സുദീൎഘമായ ജടയും മീശയും, ചെമ്പണ്ടവസ്ത്രങ്ങൾ—ഇത്തരം വേഷത്തിൽ വഴിയ്ക്കു നില്ക്കുന്ന 'തമ്പിരാനേ' ദൂരെ മാററുന്നതിന് അവൎക്കു ധൈൎയ്യമുണ്ടായില്ല. മഹാരാജാവ് 'തമ്പിരാൻെറ' അടുത്തെത്തി. വേഷവിധാനം കണ്ട്, തമ്പിരാ

ന്നേ ഒന്നു നിന്നു തൃക്കൺപാർത്തു. ഇതുതന്നെ ഉചിതസമയമെന്നറിഞ്ഞു്, 'തമ്പിരാൻ' പൊന്നുതമ്പുരാനേ സമീപിച്ചു. ഈ അസാധാരണതയിൽ തെല്ലൊന്നു കുതുകിതനായി, മഹാരാജാവു് 'തമ്പിരാനേ'പ്പററി കൂടെയുള്ളവരോടു ചോദിച്ചു. ഹൃദയഹാരിയായ സ്വരത്തിൽ ഉടനേ തമ്പിരാൻ ഈ പദ്യം ചൊല്ലിക്കേൾപ്പിച്ചു:—

''മാറിടത്തുലവുവേർപടൈ വഞ്ചിമന്നവ! ചെന്തമിഴ്മന്നിൽയാം,
കൂറുടൈവേന്തർ തിരുമുടി തുളക്കകെല്ലിനോം; നിൻകുലത്താരുവാൻ
ആറുചേർചടൈയാനവൈമുൻഅണിച്ചയ്ത്താനാരിയപ്പാതുപ്പെൺ-
മീറുമൻറുണർന്തായ് നീയിവൺമതിയായ് തിരുമുനിമലയമേകുതുമോ.

(വേൽധരിച്ചുകൊണ്ടു്, യുദ്ധത്തിൽ ശത്രുക്കളുടെ ഇടയ്ക്കു സഞ്ചരിയ്ക്കുന്ന ഹേ വഞ്ചിമഹാരാജാവേ! ഞാൻ ചെന്തമിഴ് എന്നു പേരുള്ള യുവതിയാണു്. ആദ്യം, ചേര-ചോള-പാണ്ഡ്യ-രാജാക്കന്മാർ മൂവരും എൻെറ മുൻപിൽ തലകുനിച്ചുവന്നിരുന്നു; അതുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുമിരുന്നു. അവരിലൊരാളായ ചേരമാൻ പെരുമാൾ നായനാർ അവിടുത്തെ വംശ്യഗുരുവുമായിരുന്നു. അദ്ദേഹം എന്നേ ഗംഗാധാരിയായ പരമശിവൻെറ അടുക്കൽ കൊണ്ടുവിട്ടു. അദ്ദേഹത്തിൽനിന്നുതന്നെയാണു് എനിക്കീ അഴകുസിദ്ധിച്ചതും. ഇങ്ങനെ ഗുണവതിയും, അങ്ങയുടെ വംശത്തോടു ബന്ധപ്പെട്ടവളും ആയ എന്നേ അങ്ങിപ്പോൾ അനാദരിയ്ക്കുന്നതു്, ഒരു പക്ഷേ സംസ്കൃതഭാഷയെന്ന ദേവദാസി (വേശ്യ) മുഷിഞ്ഞുപോയെങ്കിലോ എന്നു ഭയന്നിട്ടായിരിയ്ക്കാം. അതുകൊണ്ടു ഞാനിപ്പോൾ, എൻെറ രക്ഷാകർത്താവായ അഗസ്ത്യമഹർഷിയുടെ ആശ്രമം നോക്കി മലയപർവ്വതത്തിലേയ്ക്കുതന്നെ പോകാൻ ഭാവിയ്ക്കുകയാണു്. (സംസ്കൃതഭാഷയെന്ന ദേവദാസി='ആരിയപ്പാതുപ്പെൺ') പ്രസ്തുതപദ്യത്തിൻെറ അർത്ഥം ഇതാണു്. മുറപ്രകാരം ഉള്ള ഭാര്യയേ പരിത്യജിച്ചു്, വേശ്യാലമ്പടനായിത്തീരുകയാണു് ഭർത്താവെങ്കിൽ, ആ ഭർത്താവിനേ വെടിഞ്ഞു പിതൃഗൃഹത്തിലേയ്ക്കു പോകയല്ലാതെ ഭാര്യയ്ക്കൊരു പോംവഴിയില്ലല്ലോ. അതാണല്ലോ സ്വാഭാവികം എന്നാണു് ഈ പദ്യത്തിൻെറ ധ്വനി. സംസ്കൃതത്തേ വേശ്യയാക്കിക്കല്പിച്ചതു്, അതു ഭാരതവർഷത്തിലേ സകല ദേശങ്ങളിലേയും പൊതുഭാഷയാകയാലാകുന്നു. വേശ്യാശബ്ദം ഇവിടെ നിന്ദാദ്യോതകമാണെങ്കിലും, അർത്ഥവശാൽ വ്യാപകതാരൂപമായ ഗുണത്തിൻെറ പ്രശംസയിലത്രേ പര്യവസിക്കുന്നതു്.)

ശ്ലോകം ചൊല്ലിക്കഴിഞ്ഞു് അതിൻെറ അൎത്ഥവും 'തമ്പിരാൻ' മഹാരാജാവിനെ വൎണ്ണിച്ചുകേൾപ്പിച്ചു. മഹാരാജാവിനുതന്നെ രസിച്ചു. തൽഫലമായി, കോവിലെഴുന്നള്ളത്തും അമൃതേത്തും കഴിഞ്ഞു്, മഹാരാജാവു് 'തമ്പിരാനേ' ആളയച്ചു വരുത്തി. സംഭാഷണത്തിൽനിന്നു തമിഴിൻെറ ശ്രേഷ്ഠതയും, ചേരരാജാക്കന്മാർ അതിനെ പരിപോഷിപ്പിച്ചിരുന്നതും എല്ലാം തിരുമനസ്സുകൊണ്ടു ഗ്രഹിച്ചു. മാത്രമല്ല, 'തിരുവാവടുത്തുറ' മഠത്തിനെസംബന്ധിച്ചും തിരുമനസ്സിൽ വലിയ ബഹുമാനമുദിച്ചു. മഠത്തിൽചെന്നു ചേരുന്ന ധനത്തിൻെറ സദുപനിയോഗത്തിൽ മഹാരാജാവിനു വളരെ സന്തോഷവും തോന്നി ഇങ്ങനെ 'തമ്പിരാൻ' പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രീത്യാദരപാത്രമായി കുറേക്കാലം തിരുവനന്തപുരത്തു പാൎത്തു. ഒടുവിൽ, 'തിരുവാവടുത്തുറ'യിലേയ്ക്കു പുറപ്പെടുകയായി. 'മുഖം കാണിച്ചു്' യാത്ര അറിയിച്ചപ്പോൾ, മഹാരാജാവു വളരെ വിശിഷ്ടവസ്തുക്കൾ 'തമ്പിരാനു' സംഭാവനയായി നല്കി. കൂടെക്കൂടെ തിരുവനന്തപുരത്തു വന്നുകൊണ്ടിരിയ്ക്കണമെന്നു കല്പിച്ചരുളിച്ചെയ്യുതിനു പുറമേ, അദ്ദേഹത്തെ പല്ലക്കിൽ കൊണ്ടുപോകുന്നതിനു വേണ്ട ഏൎപ്പാടും ചെയ്തു.

അങ്ങനെ 'തമ്പിരാൻ' 'തിരുവാവടുത്തുറമഠ'ത്തിലെത്തി. സംഭാവനകിട്ടിയ സൎവ്വദ്രവ്യവും ആചാൎയ്യചരണങ്ങളിൽ സമൎപ്പിച്ചുകൊണ്ടു്, 'തമ്പിരാൻ' പറഞ്ഞു, 'പ്രഭോ! ഇതെല്ലാം തമിഴിൻെറ നേട്ടമാണ്!!' മഹാരാജാവുതിരുമനസ്സിലെ മഹിമാതിശയവും, മഹാപദാനങ്ങളും, മഹാവദാന്യതയും വൎണ്ണിച്ചു കേൾപ്പിക്കയും ചെയ്തു.

തമ്പിരാൻേറയും, പൊന്നുതമ്പുരാൻെറയും ഭൌതികശരീരം ഇന്നില്ല. എന്നാൽ, തമിഴിൻെറ ഈ നേട്ടം ഇപ്പോഴും 'തിരുവാവടുത്തുറ' വിരാജിച്ചുകൊണ്ടിരിയ്ക്കുന്നതു്, കമനീയമായ ഒരു കാൎയ്യമാണ്.

(പണ്ഡിതർ—ഈ. വി. രാമൻനമ്പൂതിരി 'വിദ്യാരത്നം)

# പൂവറുക്കുക.

നീരലർ, നീളെച്ചാരുനീഹാര-
ഹാരവും ചാൎത്തിനില്ക്കുന്നു;
കാൺക, കാൺകയേ! കാല്യകാലത്തു
കണ്മിഴിച്ചൊരിപ്പൊയ്കയെ.
അഞ്ജനം വണ്ടു, ചന്ദനം മധു,
മംജുകുങ്കുമം പൂമ്പൊടി;
ഭൂരിസൌഗന്ധ്യച്ചെപ്പുകുഡ്മളം,
സാരിവാരിളം പൊൻവെയിൽ—
വേശന്തമിതു കാവ്യലക്ഷ്മിതൻ
വേഷധാരണശാലയോ.
കൂലത്തിൽനിന്നു മെത്തിനോക്കുക:
നീലചലചലവാരിയിൽ,
കാർമറുവില്ലാത്തമ്പിളിയൊന്നൊ—
ന്നോമലെ! ലക്ഷ്യമാകട്ടെ.
പൂവറുക്കുക നീന്തിനീന്തിനാം
ദേവനൎച്ചന ചെയ്യുവാൻ;
ഉത്തരീയമഴിച്ചുവെക്കുക,
മുത്തണിമണിമാലയും:
ചന്തത്തിൽത്തമ്മിൽക്കൊഞ്ചിക്കൊള്ളട്ടെ
നിൻതരിവളച്ചാൎത്തുകൾ;
കൊച്ചലകളിൽക്കേറിവട്ടത്തി—
ലുച്ചലിക്കുമസ്സംഗീതം,
സാരസങ്ങളിൽ നിന്നു മാധുരീ—
സാരത്താൽത്തള്ളിവീഴ്ത്തട്ടെ,
ആമകരന്ദബിന്ദുജാലത്തെ,
ഭൂമഹാത്ഭുതസൃഷ്ടിയെ,
പൂവറുക്കുക നീന്തിനീന്തിനാം
ദേവനൎച്ചന ചെയ്യുവാൻ.
നീററിലേക്കാഞ്ഞു ചാടുകദേവി.
നീന്തിനീന്തിനാം പോവുക.

തത്തമംഗലം എം. നടേശമേനോൻ ബി. ഏ. എൽ. ടി.

ചെറുകഥ.

# സഹോദരനും സഹോദരിയും (ഹിന്ദിയിൽ നിന്നു്)

കുമാരി—ജാനകി.

(1)

"ജ്യേഷ്ഠാ, ഇത്രനേരം എവിടെയായിരുന്നു? ഭക്ഷണമെല്ലാം തണുത്തു് ആറിത്തുടങ്ങിയിരിക്കുന്നു." സുനയന സ്നേഹസമ്മിശ്രമായ ഒരു അഭിമാനത്തോടുകൂടി പറഞ്ഞു.

"എന്താ വളരെനേരം വൈകിപ്പോയോ." കുതിരയെ ഒരു കുററിയിന്മേൽ കെട്ടിക്കൊണ്ടു് സുനീലൻ പറയുവാൻ തുടങ്ങി, "നയനേ, അലക്സാണ്ടർ നമ്മുടെ ദേശത്തെ ആക്രമിക്കുവാൻ പോകുന്നുവെന്നു് നീ കേട്ടില്ലേ?"

"അലക്സാണ്ടർ ആക്രമിക്കുകയോ!" സുനയനസ്തംഭിച്ചുകൊണ്ടു് പറവാൻ തുടങ്ങി, "എന്നാൽ എന്തെങ്കിലും കാരണമുണ്ടാകും."

"കാരണം ഇതാണു്. ജയിക്കുവാനുള്ള കൊതി അയാളെ ഭ്രാന്തനാക്കീട്ടുണ്ടു്. അയാൾ ലോകം മുഴുവനും ജയിക്കുവാനാഗ്രഹിക്കുന്നു. എന്നാൽ ഭാരതത്തിലെ എല്ലാ രാജാക്കന്മാരും 'അഭിസാരമഹാരാജാവ' ല്ലെന്നു് ഒരുപക്ഷെ അയാൾ മനസ്സിലാക്കീട്ടില്ലായിരിക്കാം. നമ്മുടെ മഹാരാജാവായ "പുരുഷോത്തമൻ അയാൾക്കു അധീനനായിത്തീരുകയില്ല."

ഇത്രയും പറഞ്ഞപ്പോഴയ്ക്കും സുനീലൻെറ മുഖത്തു രക്തമില്ലാതായി. അയാളുടെ കൈകൾ തരിക്കുവാൻ തുടങ്ങി.

"അപ്പോൾ അഭിസാരൻ അയാൾക്കു കീഴടങ്ങി എന്നതു ശരിയാണോ?" ഭക്ഷണം വിളമ്പിക്കൊണ്ടു് സുനയന ചോദിച്ചു.

"ശരിയാണു് സഹോദരി! ഇന്നു് നമ്മുടെ മഹാരാജാവിൻെറ അടുക്കൽ ഇതേ സന്ധിപത്രവും കൊണ്ടു് അലക്സാണ്ടരുടെ ദൂതൻ വന്നിരുന്നു. പക്ഷെ ഇതിൽ അയാൾക്കു പരാജയമാണുണ്ടായതു് നാളെ മുതൽ എനിക്കു് യുദ്ധത്തിനുള്ള തയാറുകൾ ചെയ്യുവാൻ തുടങ്ങണം."

"തീച്ചയായും വേണം. നമുക്കു് നമ്മുടെ പ്രിയപ്പെട്ട ജന്മഭൂമിയെ ശത്രുക്കളുടെ കയ്യിൽ ഏല്പിക്കുവാൻ കഴികയില്ല." സുനയന കുറച്ചു തടഞ്ഞുംകൊണ്ടു പറഞ്ഞു:—"പക്ഷെ ജ്യേഷ്ഠാ, ജ്യേഷ്ഠൻ എന്നേയും

അസ്ത്രവിദ്യ പഠിപ്പിച്ചിട്ടുണ്ടല്ലോ. ഈ അവസരത്തിൽ എൻെറ വിദ്യയെ ഒന്നു പരീക്ഷിച്ചുനോക്കിക്കൂടെ."

സുനീലൻെറ മുഖം പ്രസന്നതയാൽ ഉജ്ജ്വലമായി. "നീ ഇപ്പോഴും ചെറിയ കുട്ടിയല്ലെ, നയനേ! നിനക്കു രണക്ഷേത്രത്തിൽ പോകുവാനുള്ള സമയം വന്നിട്ടില്ല. നിന്നെ ഞാൻ എൻെറ കൂടെ കൊണ്ടുപോയില്ലെങ്കിലും നിൻെറ ഉള്ളിലെ ഭാവനകൾ എല്ലായ്പോഴും എൻെറ കൂടെ ഉണ്ടായിരിക്കും. അതിൻെറ ശക്തികൊണ്ടുതന്നെ എനിക്ക് ശത്രുക്കളുടെ മാനമർദ്ദനം ചെയ്യുവാൻ കഴിയും."

സുനയനയുടെ നേത്രങ്ങൾ ജലപൂർണ്ണങ്ങളായി. പക്ഷെ അവൾ തൻെറ കർത്തവ്യത്തിൻെറ കഠോരതയിൽ അവളുടെ കണ്ണുനീരിനെ ഒളിപ്പിച്ചു.

(2)

സുനയന തൻെറ 17 വർഷക്കാലത്തെ ജീവിതത്തിനുള്ളിൽ സുനീല ജ്യേഷ്ഠനെ ഒഴികെ പിന്നെ ആരേയും അറികയില്ല. അമ്മ, ഇവൾ ജനിച്ച് മൂന്നാംദിവസം പരലോകപ്രാപ്തയായി. അതെ, അച്ഛൻെറ നേരിയ ഓർമ്മ ചിലപ്പോൾ അവളുടെ ഹൃദയതലത്തിൽ പതിഞ്ഞിരുന്നു. സുനയന ആ നേരിയ ഓർമ്മയെ സ്പഷ്ടമാക്കുവാൻ ശ്രമിക്കുമ്പോൾ, ജ്യേഷ്ഠനായ സുനീലൻെറ സുന്ദരരൂപം കുറേക്കൂടെ ഗാംഭീര്യത്തോടുകൂടി അവളുടെ നേത്രങ്ങൾക്കു മുന്നിൽ വിളങ്ങിയിരുന്നു.

ജലം നദിയുടെ അക്കരെ, പുരുഷോത്തമൻെറ രാജ്യത്തിനുള്ളിൽ ഒരു ഗ്രാമത്തിൽ ഇവർ രണ്ടുപേരും വസിച്ചുപോന്നിരുന്നു. സുനീലൻ ആജാനുബാഹുവും ബലിഷ്ഠനുമായ ഒരു സുന്ദരയുവാവായിരുന്നു. ആദ്യം അയാൾ പുരുഷോത്തമൻെറ സേനയിൽ വെറും ഒരു പടയാളി മാത്രമായിരുന്നു. പിന്നീട് അയാളുടെ ശൌര്യവും വീര്യവും കണ്ട് അയാളെ സേനാപതിയാക്കി.

സുനയനയുടെ വിദ്യാഭ്യാസമെല്ലാം സുനീലൻതന്നെയാണ് നടത്തിയിരുന്നത്. പുസ്തകപഠനത്തേക്കാൾ അധികം കുതിരസവാരി, അസ്ത്രവിദ്യ തുടങ്ങിയ യുദ്ധവിദ്യകളാണ് അവളെ സുനീലൻ പഠിപ്പിച്ചിട്ടുള്ളത്. നായാട്ടിന്ന് സുനീലൻ സുനയനയെ കൂടെ കൊണ്ടുപോകാറുണ്ട്. കുതിരസവാരിയിൽ അവൾ ജ്യേഷ്ഠനെ മുന്നിട്ടുനിന്നിരുന്നു. സഹോദരിയുടെ അസാധാരണപാടവം കണ്ട് സുനീലൻെറ സന്തോഷത്തിന്നതിരുണ്ടായിരുന്നില്ല.

ഗ്രാമബാലികമാരുടെ കൂടെ, വള്ളിക്കുടിലിൽനിന്നു പുറപ്പെട്ടുന്നതായ പക്ഷികളുടെ കളകൂജനത്തിൽ തൻെറ സ്വരലഹരിയെ ചേർത്തും, നദീതീരത്തുചെന്നു്, ഇളകിക്കൊണ്ടിരിക്കുന്ന തിരമാലകൾക്കൊപ്പം നൃത്തം വെച്ചും, തൻെറ ജ്യേഷ്ഠൻെറകൂടെ സുനയന തൻെറ ജീവിതത്തിലെ 17 വർഷം കഴിച്ചുകൂട്ടി.

ഇന്നുവരെ ഈ സഹോദരനും സഹോദരിയും രണ്ടുനാലു ദിവസത്തേയ്ക്കുപോലും പിരിഞ്ഞിരുന്നിട്ടില്ല. മാതൃകയും വരദാനവുംപോലെ അവർ രണ്ടുപേരും എല്ലായ്പോഴും ഒരുമിച്ചു വസിച്ചുവന്നിരുന്നു. അതു കണ്ടാൽ തോന്നും ഒരാൾ കൂടാതെ മററെ ആൾക്കു ജീവിക്കുവാൻ കഴികയില്ലെന്നു്.

(3)

സേന പുറപ്പെടേണ്ടുദിവസം അന്നായിരുന്നു. യുദ്ധത്തിൻെറ വാദ്യഘോഷത്തിൽ ജനങ്ങളുടെ ഹൃദയം നവോത്സാഹത്താൽ പരിപൂർണ്ണമായി. യോദ്ധാക്കൾ കവചമെല്ലാം ധരിച്ചു്, അവരവരുടെ മാതാക്കളോടും, സഹോദരികളോടും, പത്നിമാരോടും യാത്രചോദിച്ചുതുടങ്ങി. സഹോദരിമാർ പുഷ്പചന്ദനാദികൾകൊണ്ടു് തങ്ങളുടെ സഹോദരരെ തിലകം തൊട്ടുവിച്ചു് വിജയാശംസകൾ ചെയ്തു. സുനയനയും രണ്ടുദിവസമായി തൻെറ ജ്യേഷ്ഠന്നു വേണ്ടുന്ന യുദ്ധസാമഗ്രികൾ ഒരുക്കുന്നതിൽ ബദ്ധശ്രദ്ധയായിരുന്നു. പുറമേ അവൾ ജോലിചെയ്തിരുന്നു. പക്ഷെ അവൾക്കു തീരെ മനസ്സമാധാനമുണ്ടായിരുന്നില്ല. എന്താണെന്നറിഞ്ഞില്ല. രണ്ടുദിവസമായി അവളുടെ വലത്തെകണ്ണു് വിറച്ചുകൊണ്ടിരുന്നു. ഇതിന്നുമുമ്പു് എത്രതവണ അവൾ തൻെറ ജ്യേഷ്ഠനെ യുദ്ധത്തിന്നു് പുറപ്പെടുവിച്ചു് അയച്ചിട്ടുണ്ടു്, എന്നാൽ ഇത്ര വ്യസനം അവൾക്കു ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. അവൾക്കു് സുനീലജ്യേഷ്ഠനെ പിന്നീടു് കാണുവാൻ കഴികയില്ലേ? അവളുടെ ഹൃദയത്തിൽ ഒരു വിറയലുണ്ടായി. പക്ഷെ അടുത്ത ക്ഷണത്തിൽ, ദേശസ്നേഹത്തിൽ മുങ്ങിയ അവളുടെ ഭാവനകൾ, ഹൃദയകമ്പനത്തെ ജയിച്ചു.

സുനയന ഇപ്രകാരം തൻെറ നഷ്ടപ്പെട്ടപോലെയുള്ള ചിന്തമേൽപ്രഭുത്വം പ്രാപിക്കുവാൻ പ്രയത്നിക്കുമ്പോൾ, സുനീലൻ പുറപ്പെട്ടു് യാത്രചോദിക്കുവാൻ വന്നു. "സുനയനേ, എന്നാൽ പോയിവരട്ടെ, സേനകളെല്ലാം തയാറായിട്ടുണ്ടു്." സഹോദരിയുടെ തലമുടി വാത്സല്യത്തോടുകൂടി ഒതുക്കിക്കൊണ്ടു് അയാൾ പറഞ്ഞു.

സുനയന വിറച്ചുംകൊണ്ട് ചന്ദനം, ഉണക്കലരി മുതലായവ വെച്ചിട്ടുള്ള ഒരു തട്ട് ഉയൎത്തി, വളരെ പ്രയാസപ്പെട്ട് മന്ദഹസിക്കുവാൻ ശ്രമിച്ചുംകൊണ്ട് സുനീലന്റെ നെററിത്തടത്തിൽ തിലകം തൊട്ടുവിക്കുവാൻ തുടങ്ങി. പക്ഷെ അനേകപരിശ്രമത്തിന്റെ ശേഷവുംകൂടി ഹൃദയത്തിൽ പൊടിഞ്ഞുവരുന്ന ചിന്തകളെ അടക്കുവാൻ കഴിഞ്ഞില്ല. കണ്ണുനീർ ധാരധാരയായി ഒഴുകിത്തുടങ്ങി.

“അല്ലാ, ഇതെന്താ. നീ കരയുകയോ, നയനേ! ഇതു തീരെ അസംഭാവ്യമല്ലേ? നീ നിന്റെ ഇതേ കോമളകരങ്ങൾകൊണ്ട് എന്നെ എത്രപ്രാവശ്യം യുദ്ധത്തിന്ന് പുറപ്പെടുവിച്ച് അയച്ചിട്ടുണ്ട്. നിന്റെ കണ്ണുനീർ എന്നെ അധീരനാക്കിത്തീൎക്കുന്നു.” പറഞ്ഞ് പറഞ്ഞ് സുനീലന്റെ കണ്ഠം അടഞ്ഞു.

“വിജയിയാകൂ, ജ്യേഷ്ഠാ!” സുനയന തന്റെ നനഞ്ഞ കണ്ണുകൾ തുടച്ച് ചിരിച്ചു.

സുനയന വീടിന്റെ ജനവാതില്ക്കൽ കുതിച്ചു പായുന്ന സേനയിൽ തന്റെ സഹോദരന്റെ കുതിരയെ നിൎന്നിമേഷയായി നോക്കിക്കൊണ്ടു നിന്നു. കുതിര കുളമ്പടികൊണ്ട് പൊന്തുന്ന പൊടിപടലവുംകൂടി അദൃശ്യമായപ്പോൾ അവൾ ശൂന്യമായ മുററത്തുവന്ന് നിശ്ശബ്ദയായി നിലകൊണ്ടു.

(4)

സുനീലൻ യുദ്ധത്തിന്ന് പോയിട്ട് ദിവസം 10 ആയി. പക്ഷെ സുനയനക്ക് അയാളുടെ ഒരു വൎത്തമാനവും ഉണ്ടായിരുന്നില്ല. പാവം, അവൾ ദിവസേന മുകളിലെ ജനല്ക്കൽനിന്ന് ജ്യേഷ്ഠന്റെ വരവുകാക്കും. അവൾ വിചാരിക്കും ജ്യേഷ്ഠൻ തീൎച്ചയായും ഇന്നുതന്നെ അലക്സാണ്ടറെ തോല്പിച്ചു മടങ്ങിവരുമെന്ന്. പക്ഷെ സന്ധ്യക്ക് നിരാശയായി അവൾ ചുവട്ടിലേക്കു വരും. പകൽ സമയം മുഴവനും സഖികളുടെകൂടെയിരുന്ന് എങ്ങിനെയെങ്കിലും ചിലവഴിക്കും. പക്ഷെ പൎവ്വതസമാനമായ കൂരിരുട്ടിൽ അവളുടെ ഹൃദയം യുദ്ധക്കളരിയിൽ ജ്യേഷ്ഠന്റെ അടുക്കലായിരിക്കും. അവൾ സ്വയം അടക്കുവാൻ ശ്രമിക്കും, പക്ഷെ എല്ലാം വ്യൎത്ഥംതന്നെ. രാത്രിയിൽ പട്ടി, കുറുക്കൻ മുതലായവയുടെ ഓരിയും, അമംഗളകരങ്ങളായ ദുസ്സ്വപ്നങ്ങളും അവളുടെ ചിന്തയെ കുറേക്കൂടെ തീവ്രമാക്കി.

സൂര്യൻ അസ്തമിച്ചു തുടങ്ങിയിരുന്നു. നിശ സാവധാനത്തിൽ എല്ലാഗ്രാമങ്ങളേയും ഇരുട്ടിൽ മുക്കിത്തുടങ്ങി. സുനയന-വിളക്കു കൊളുത്തുവാൻ പോകയായിരുന്നു. ഉടനെ വാതില്ക്കൽ ഒരു മുട്ടൽ കേട്ടു. അവൾ പരിഭ്രമിച്ചുവശായി. 'ഒരു പക്ഷേ ജ്യേഷ്ഠൻ വന്നിരിക്കും.' അവൾ ഓടിച്ചെന്നു് വാതിൽ തുറന്നു. അവിടെ, ശോകമയമായ ഒരു മുദ്രധരിച്ചുംകൊണ്ടു് ഒരു കുതിരപ്പടയാളി നിന്നിരുന്നു. അയാൾ തന്റെ കീശയിൽനിന്നു് ഒരു എഴുത്തു് എടുത്തു് സുനയനക്കു് കൊടുത്തു് തലകുനിച്ചു് അപ്പോൾത്തന്നെ അവിടം വിട്ടുപോകയും ചെയ്തു

സുനയന വിറയ്ക്കുന്ന കൈകളാൽ എഴുത്തു നിവർത്തി വായിച്ചു. ഉടനെ അവളുടെ കണ്ണുകൾക്കു മുമ്പിൽ ഒരു ഇരുട്ടു വ്യാപിച്ചു. എഴുത്തു് അവളുടെ കയ്യിൽനിന്നു് വഴുതി വീണു് നിലംപതിച്ചു. എഴുത്തിലെഴുതിയിരുന്നു:—

“ദേശത്തിന്റെ രക്ഷക്കുവേണ്ടി പടവെട്ടിക്കൊണ്ടു്, നിങ്ങളുടെ സഹോദരനായ സേനാപതി സുനീലകുമാരൻ സമരഭൂമിയിൽവെച്ചു് ഇന്നലെ വീരഗതി പ്രാപിച്ചു എന്നുള്ള ദുഃഖവാർത്ത നിങ്ങളെ അറിയിച്ചുകൊള്ളുന്നു. നിങ്ങളോടൊപ്പം തന്നെ ഈ രാജ്യനിവാസികളും അനുശോചിക്കുന്നു.”

ഒരു അരമണിക്കൂറിന്നുശേഷം സുനയനക്കു് സുബോധമുണ്ടായി. പക്ഷേ എഴുത്തിന്റെ ദർശനമാത്രയിൽ അവൾ വീണ്ടും ബോധം കെട്ടു. അവളുടെ സുനീലജ്യേഷ്ഠൻ ഇപ്പോൾ ഈ ലോകത്തിലില്ല. 'ജ്യേഷ്ഠാ' എന്നു് അവൾ ഇപ്പോൾ ആരെ വിളിയ്ക്കും? ചിലപ്പോൾ അവളുടെ കണ്ണിൽനിന്നു് അശ്രു ധാരധാരയായി ഒഴുകും. ചിലപ്പോൾ ശൂന്യമായ കണ്ണുകൾകൊണ്ടു് ആകാശത്തേയ്ക്കു ഉററുനോക്കും.

കുറച്ചുനേരം അവൾ അങ്ങിനെയിരിക്കും, പിന്നീടു് ഗാഢമായി ആലോചിക്കാൻ തുടങ്ങും. ആലോചിച്ചു് ആലോചിച്ചു് അവളുടെ നേത്രങ്ങൾ പെട്ടെന്നു് പ്രകാശിച്ചു. അവൾ വേഗത്തിൽ എണീററിരുന്നു. മുമ്പിൽ ഒരു ആണിന്മേൽ അവളുടെ വാൾ തൂങ്ങിക്കിടന്നിരുന്നു. വേഗം ചെന്നു് അതു കൈക്കലാക്കി അവൾ ലായത്തിലേയ്ക്കോടി. അവളെ കണ്ടിട്ടു് അവളുടെ പ്രിയപ്പെട്ട കുതിര ചിനച്ചു. സുനയന സ്നേഹത്തോടുകൂടി അതിന്റെ പുറം തലോടി. കോപ്പുകളെല്ലാം എടുത്തു് അണിയിച്ചു് അതിന്റെ പുറത്തു് സവാരി ചെയ്തുകൊണ്ടു് അന്ധകാരത്തിൽ മറഞ്ഞു.

(5)

ചുററുപാടും നിശ്ശബ്ദതപരന്നിരുന്നു. നേരം പാതിര കഴിഞ്ഞു. പകൽ മുഴുവനും യുദ്ധം ചെയ്തു ക്ഷീണിച്ച സേനകൾ കൂടാരത്തിൽ നിദ്രാദേവിയുടെ മടിയിൽ കിടന്നു് വിശ്രമം കൊള്ളുകയായിരുന്നു. അതെ, കൂടാരത്തിന്നു ചുററും നടന്നിരുന്ന പാറാവുകാരൻ അയാളുടെ കാലൊച്ചകൊണ്ടു് അവിടത്തെ നിശ്ശബ്ദതയെ പിളർത്തിരുന്നു. പെട്ടെന്നു് അയാളുടെ ദൃഷ്ടി എവിടേയ്ക്കോ പതിഞ്ഞു. ടോർച്ചിൻെറ മങ്ങിയ പ്രകാശത്തിൽ തെളിഞ്ഞുകാണുന്ന ഒരു സവാരിക്കാരൻ ഒരു നിഴൽപോലെ അലക്സാണ്ടരുടെ കൂടാരത്തിന്നരികെ എത്തി. കുതിരക്കുളമ്പടികേട്ടു് പാറാവുകാരൻ ഇളകിവശായി. കുറച്ചു ഉറച്ചു സ്വരത്തിൽ ചോദിച്ചു:—

"ആരാണതു്. നില്ക്കു് അവിടെ."

സവാരിക്കാരൻ കാവൽക്കാരനെ ഒട്ടും കൂസാതെ നേരെ ചക്രവത്തിയുടെ കൂടാരത്തെ ലക്ഷ്യമാക്കിപ്പോയി. കാവൽക്കാരൻ മററു പാറാവുകാരെ വിളിച്ചുണത്തി. എല്ലാവരും അവരവരുടെ ആയുധങ്ങളെടുത്തു് സവാരിക്കാരൻെറ അടുക്കലേക്കു ചെന്നു.

അലക്സാണ്ടരുടെ കൂടാരത്തിന്നടുത്തെത്തിയപ്പോൾ കാവൽക്കാർ ആ വിഗ്രഹത്തെ വളഞ്ഞു. ചിലർ ടോച്ചിലെ വെളിച്ചം അതിൻെറ മുഖത്തേയ്ക്കടിപ്പിച്ചു. സാക്ഷാൽ ചണ്ഡിയുടെ വേഷം ധരിച്ചിട്ടുള്ള ഒരു സുന്ദരിയായ യുവതിയേയാണു് അവർ ടോർച്ചിൻെറ വെളിച്ചത്തിൽ കുതിരപ്പുറത്തു കണ്ടതു്. അവർ എല്ലാവരും ആശ്ചയ്യത്തോടുകൂടി അവളെ നോക്കി ഒപ്പം ചോദിച്ചു: — നിങ്ങൾ ആരു്? ആരുടെ ആജ്ഞയാൽ ഇവിടെ വന്നു?"

"ഒരു സ്ത്രീയാണു്. സ്വന്തം ഇഷ്ടപ്രകാരം ഇവിടെ വന്നു. വഴിയിൽനിന്നു മാറു."

"വഴിതരില്ല. അദ്ധ്യംതന്നെ നിങ്ങൾ ഇവിടെ വരുവാനുള്ള കാരണമെന്താണെന്നു് പറയൂ." അവരിൽ ഒരുവൻ പറഞ്ഞു.

"ഞാൻ നിങ്ങളുടെ സാമ്രാട്ടിനെ കാണുവാനാഗ്രഹിക്കുന്നു. നിങ്ങൾ ആരാണെൻെറ മാർഗ്ഗം തടയാൻ?" ഇത്രയും പറഞ്ഞുകൊണ്ടു് ആ സ്ത്രീ അവളുടെ വാളൂരി.

ഈ ലഹളയെല്ലാം കേട്ടു് കൂടാരത്തിന്നുള്ളിലുറങ്ങിയിരുന്ന അലക്സാണ്ടർ ചക്രവത്തി ഉണന്നു. അദ്ദേഹം എഴുനേററു് ഒരു കാവൽ

ക്കാരനെ വിളിച്ച് ക്രുദ്ധസ്വരത്തിൽ ചോദിച്ചു. "എന്തൊക്കെയാണി വിടെ നടക്കുന്നത്."

"അന്നദാതാവേ, കുതിരപ്പുറത്തു സവാരി ചെയ്തുകൊണ്ട് ഒരു സ്ത്രീ ഇവിടെ വന്നിട്ടുണ്ട്. ചോദിച്ചപ്പോൾ പറയുകയാണ് അവൾക്കു ചക്രവർത്തിയെക്കണ്ടിട്ട് കുറച്ചു കാര്യമുണ്ടെന്ന്." കാവൽക്കാരൻ ഭയത്തോടുകൂടി പറഞ്ഞു.

"എന്നോടു കാര്യമുണ്ടെന്നോ?" ചക്രവർത്തി ഒരു നിമിഷനേരം പാറാവുകാരനെ നോക്കിനിന്നു. പിന്നീട് ഗംഭീരസ്വരത്തിൽ പറഞ്ഞു:—"പോയി അവളെ അകത്തേക്കു കൂട്ടിക്കൊണ്ടു വരൂ."

രണ്ടുമിനിട്ടിന്നുള്ളിൽ, തുടവരെ നീണ്ടുകിടക്കുന്ന അഴിഞ്ഞ കറുത്ത തലമുടിയോടും, കോമളകരങ്ങളിൽ നഗ്നമായവാൾ ധരിച്ചുകൊണ്ടും, ഒരു അനുപമസുന്ദരി അലക്സാണ്ടരുടെ മുമ്പിൽ പ്രത്യക്ഷമായി. താമരയിതളുകൾക്കു തുല്യങ്ങളായ അവളുടെ കണ്ണുകളിൽനിന്ന് തീപ്പൊരി പാറിയിരുന്നു; മുഖത്ത് വ്യസനത്തിന്റെ ഒരു ഛായ വ്യാപിച്ചിരുന്നു.

അലക്സാണ്ടരുടെ ദൃഷ്ടി, ആ തരുണിയുടെ തേജോമയമായ മുഖത്തുതന്നെ ഉറച്ചു. അതുകണ്ടാൽ തോന്നും അദ്ദേഹത്തെ ആരോ മന്ത്രവാദിയുടെ വടികൊണ്ടു തൊട്ടിട്ടുണ്ടെന്ന്. കുറച്ചു കഴിഞ്ഞ് അയാൾ ചോദിച്ചു:—"ദേവി, നിങ്ങൾ ആരാണ്. എവിടെനിന്നു വരുന്നു? ഇതെല്ലാം എനിക്കു മനസ്സിലാക്കിക്കൂടെ."

"തീർച്ചയായും" സ്ത്രീ നിർഭയസ്വരത്തിൽ പറയുവാൻ തുടങ്ങി:— "ഞാൻ ഒരു അബലയാകുന്നു. പുരുഷോത്തമമഹാരാജാവിന്റെ രാജ്യത്തിൽനിന്ന് വരുന്നു. ഞാൻ നിങ്ങളോട് പ്രതികാരം ചെയ്യുവാനാഗ്രഹിക്കുന്നു."

അലക്സാണ്ടർ പൊട്ടിച്ചിരിച്ചു. "കൊള്ളാം, ഭരതവർഷത്തെ ഞാൻ ആക്രമിച്ചതിന്ന് പകരം വീട്ടുവാനാണോ നിങ്ങൾ വന്നിട്ടുള്ളത്?"

"അല്ല. ആക്രമിച്ചതിനുള്ള പ്രതികാരം ഞങ്ങളുടെ പുരുഷോത്തമമഹാരാജാവ് ചെയ്യും. തീർച്ചയാണ്. എന്റെ ഏകസഹോദരനെ കൊന്നതിന്ന് ഞാൻ പകരം വീട്ടും. നിങ്ങൾ ഒരു അബലയെ ഭ്രാതൃവിഹീനയാക്കിയിട്ടുണ്ട്." സുനയന ആവേശത്തോടുകൂടി പറഞ്ഞു:— "ഞാൻ നിങ്ങളെ കൊല്ലും. അപ്പോൾ മാത്രമേ എനിക്കും എന്റെ സ്വർഗ്ഗീയജ്യേഷ്ഠനും ആത്മശാന്തി ഉണ്ടാകയുള്ളൂ."

പറഞ്ഞ് പറഞ്ഞ് സഹോദരസ്മരണനിമിത്തം സുനയനയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. പക്ഷെ ഉടനെത്തന്നെ അവൾ അതിനെ പ്രതിഹിംസയുടെ ഉജ്ജ്വലമായ അഗ്നിയിൽ വററിച്ചുകളഞ്ഞു.

ചക്രവത്തിയുടെ ഹൃദയം അലിഞ്ഞുപോയി. ഭക്തിയും സ്നേഹവും നിറഞ്ഞ സ്വരത്തിൽ അദ്ദേഹം പറഞ്ഞു:—"ദേവീ, എനിക്കു മാപ്പുതരു. ഞാൻ സ്വമേധയാ നിങ്ങളുടെ സഹോദരനെ വധിച്ചിട്ടില്ല. ഇതിന്ന് പരിഹാരമായി, നിങ്ങൾ എന്തു ചോദിക്കുന്നുവോ, അതു തരുവാൻ ഞാൻ തയാറാണ്."

ഇതുകേട്ടപ്പോൾ സുനയനയുടെ കണ്ണുകളിൽനിന്ന് തീപ്പൊരി പറക്കുവാൻ തുടങ്ങി. ഒരു ഉന്മത്തയെപ്പോലെ അവൾ അലറി:—"അലക്സാണ്ടർ! നിങ്ങൾ ധനത്തിൻേറയും ജയത്തിൻേറയും മദത്തിൽ അന്ധനായിത്തീന്നിരിക്കുന്നു. ഭ്രാതൃവിയോഗത്താൽ പീഡിതയായ ഒരു സഹോദരിയുടെ ഹൃദയത്തിലെ വേദന നിങ്ങൾ എങ്ങിനെ മനസ്സിലാക്കും? നിങ്ങളുടെ സവ്വധനത്തേയും വിഭവങ്ങളേയും കൊണ്ട് എൻേറ സഹോദരൻേറ അഭാവം നിങ്ങൾക്കു പൂത്തീകരിയ്ക്കുവാൻ കഴിയുമോ? വേണ്ട, എനിക്ക് ഒന്നും വേണ്ട. ജാഗ്രതയായിരിക്കു! നിങ്ങളുടെ വാളൂരു. ഞാൻ നിങ്ങളോട്ട് ദ്വന്ദ്വയുദ്ധം ചെയ്തു നിങ്ങളെ വധിക്കും."

അവളുടെ, സഹോദരനോടുള്ള അതിരുകവിഞ്ഞ സ്നേഹംകണ്ട് അലക്സാണ്ടർ ചകിതനായി. അദ്ദേഹം താഴ്ന്ന സ്വരത്തിൽ പറഞ്ഞു:—"ദേവീ! നിങ്ങൾ എന്നെ സഹോദരനെപ്പോലെ കരുതി എന്നെ കൃതകൃത്യനാക്കിത്തീക്കില്ലേ?"

"സഹോദരനെപ്പോലെയോ! സുനീലജ്യേഷ്ഠനെപ്പോലെയോ! ഞാൻ നിങ്ങളെ അങ്ങിനെ കരുതിക്കൊള്ളാം." സുനയനയുടെ ദ്വേഷ്യമെല്ലാം ശമിച്ചു. "അലക്സാണ്ടർ! നിങ്ങൾ യഥാത്ഥത്തിൽ ഒരു മഹാൻ തന്നെ, സഹോദരാ!"

സുനയനയുടെ കണ്ണുകളിൽനിന്ന് സ്നേഹാശ്രുക്കൾ ഒഴുകുവാൻ തുടങ്ങി. വാൾ താനേ കയ്യിൽനിന്ന് നിലംപതിച്ചു.

"എൻേറ കൊച്ചുസഹോദരി!" എന്ന് അലക്സാണ്ടർ ഗദ്ഗദസ്വരത്തിൽ പറഞ്ഞു, തൻേറ പട്ടുഉറുമാലെടുത്ത് സുനയനയുടെ കണ്ണുനീർ തുടച്ച് അവളുടെ പുറം തലോടി. *

കുമാരി ജാനകി.

* പ്രോത്സാഹനാത്ഥം (രാ. പ.)

## തിരുവഞ്ചിക്കുളം

(തുടർച്ച)

### III

തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ ശ്രീകോവിൽ മുതലായ ഭാഗങ്ങൾ മുഴുവനും ആദിയിൽ ശിലാനിർമ്മിതങ്ങളായിരിക്കാനാണ് വഴികാണുന്നതു് എന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതിനോട്ട് അനുബന്ധിക്കുന്ന വേറെ ഒരു സംഗതി കൂടി ഇവിടെ പറയേണ്ടതുണ്ട്. ഈ ക്ഷേത്രത്തിൻെറ ശ്രീകോവിലിനേക്കാൾ വളരെയധികം വലിപ്പമുള്ളതായി ഈ ദിക്കിൽ തന്നെ രണ്ടുമൂന്നു പുരാതനക്ഷേത്രങ്ങൾ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. തിരുവഞ്ചിക്കുളത്തുനിന്ന് ഏകദേശം ഒരു മൈലോളം വടക്കുപടിഞ്ഞാറുള്ള "ചിങ്ങപുരം തളി" (ശൃംഗപുരം) എന്ന ശിവക്ഷേത്രമാണ്. അതിൽ ഒന്ന്, ഒരു മൈലോളം തെക്കുപടിഞ്ഞാറുള്ള "തൃക്കുലശേഖരപുരം" എന്ന വിഷ്ണുക്ഷേത്രമാണ് മറെറാന്ന്, ആ ക്ഷേത്രത്തിന്നും തിരുവഞ്ചിക്കുളത്തിന്നും മദ്ധ്യത്തിലുള്ള "കീഴ്ത്തളി" എന്ന ശിവക്ഷേത്രമാണ് വേറൊന്ന്. ഈ മൂന്നു ക്ഷേത്രങ്ങളും തിരുവഞ്ചിക്കുളത്തേക്കാൾ വലിപ്പത്തിലും ഉയരത്തിലും വളരെക്കൂടിയവയാണെങ്കിലും അവയുടെ അധിഷ്ഠാനം മുതൽ സകല പണികളും വെട്ടുകല്ലുകൊണ്ടു് തന്നെയാണ് ചെയ്തുകാണുന്നതു്. അവയിൽ പണിചെയ്തിരിക്കുന്ന വെട്ടുകല്ലുകൾ ഓരോന്നും ഒന്നും രണ്ടും കോലുകളിൽ അധികം നീളവും രണ്ടരക്കോലിലധികം പൊക്കമുള്ള തറയുടെ 'ജഗതി', 'കുമുദകം', 'ഗളം', 'പടി' മുതലായ അവയവങ്ങളുടെ ഉയരം ഓരോ കല്ലുകളുടെ കനംകൊണ്ടു് തീരത്തക്കവണ്ണം കനവും വീതിയുമുള്ളവയായും കാണപ്പെടുന്നു. ഈത്തരം വെട്ടുകല്ലുകളെന്നല്ല, ഏതുതരം കല്ലുകളും കൊടുങ്ങല്ലൂർനിന്നു അഞ്ചോ എട്ടോ നാഴിക വഴി അകലെപ്പോയാലല്ലാതെ ഇപ്പോഴും കിട്ടുന്നതല്ല. കരിങ്കല്ലു കിട്ടുവാനും അത്രമാത്രം ദൂരെ പോയാൽ മതിയാകുന്നതാണ്. ആ സ്ഥിതിക്കു മേല്പറഞ്ഞ ക്ഷേത്രങ്ങൾ വെട്ടുകല്ലുകൊണ്ടു് മാത്രം പണിതീർപ്പാനും, 'തിരുവഞ്ചിക്കുളം' ക്ഷേത്രം കരിങ്കല്ലുകൊണ്ടു് പണിചെയ്യുവാനും വല്ല പ്രത്യേകകാരണവും ഉണ്ടായിരിക്കേണ്ടതാണല്ലോ.

'തിരുവഞ്ചിക്കുളം' ക്ഷേത്രം പണിചെയ്യിച്ച പെരുമാളേക്കാൾ വളരെ മുമ്പ് കേരളം വാണിരുന്ന 'കുലശേഖര ആൾവാർ' എന്ന് വൈഷ്ണവന്മാരുടെയിടയിൽ പ്രസിദ്ധനും, 'തിരുവാമൊഴി' 'മുകുന്ദമാല'

മുതലായ ഗ്രന്ഥങ്ങളുടെ നിർമ്മാതാവും ഒരു മഹാവൈഷ്ണവനും ആയ കുലശേഖരപ്പെരുമാളാണ് തൃക്കുലശേഖരപുരം ക്ഷേത്രത്തിന്റെ സ്ഥാപകൻ. അവിടെ ശ്രീകോവിലിനോട് ചേർത്തു ദേവന്റെ അഗ്രഭാഗത്തിൽ ഒരു മുറിയിൽ വാഹനമായ ഗരുഡനേയും പൃഷ്ഠഭാഗത്തു വേറെ ഒരു കോവിലിൽ ശയ്യയായ അനന്തനേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇതു കൂടാതെ വേറെ യാതൊരു പരിവാരങ്ങളേയും ആദ്യം കല്പിച്ചിട്ടുണ്ടായിരുന്നില്ല. അനന്തരകാലത്ത് അകത്തു പ്രാസാദത്തിന്റെ ഇറക്കാലിൽ ദക്ഷിണപൂർവ്വഭാഗത്തു വെട്ടുകല്ലുകൊണ്ട് മുനിയറപോലെ ചെറിയൊരു കൂടാരത്തിൽ ഒരു ഗണപതിയേയും നാലമ്പലത്തിനുപുറത്തു അഞ്ചാറു പ്രത്യേകപ്രാസാദങ്ങളിലായി ഒന്നോ രണ്ടോ ശിവലിംഗങ്ങളും ബാക്കി വിഷ്ണുബിംബങ്ങളും മേൽപ്പുരകൂടാതെ ഒരു മതിൽക്കെട്ടിനകത്തു "വാതിൽ കാപ്പോർ" എന്ന പേരോടുകൂടി വാനരാകൃതിയിൽ ഒരു വിഗ്രഹവും പ്രതിഷ്ഠിക്കപ്പെട്ടതായി കാണ്മാനുണ്ട്. ഇവയെല്ലാം ഈ ദിക്കിൽ തന്നെ നശിച്ചുപോയ ചില ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളും അവശിഷ്ടങ്ങളും എടുത്ത് പിൽക്കാലത്തുണ്ടാക്കപ്പെട്ടവയാണെന്ന് ഊഹാപോഹങ്ങളെക്കൊണ്ടും ഐതിഹ്യങ്ങളെക്കൊണ്ടും സ്പഷ്ടമാകുന്നു. ശൃംഗപുരവും കീഴ്ത്തളിയും രണ്ടു തളിയാതിരിമാരുടെ സ്ഥാപനങ്ങളാണ്. 'ഇതുപോലെ കൊടുങ്ങല്ലൂർ ഭഗവതീക്ഷേത്രത്തിൽനിന്നു ഏതാണ്ട് ഒരു മൈൽ വടക്കുഭാഗത്തായി "വടതളി" എന്നൊരു മഹാക്ഷേത്രം ഉണ്ടായിരുന്നതിന്റെ നഷ്ടശിഷ്ടമായ പീഠവും ശിവലിംഗവും ഇപ്പോഴും ഒരു സ്ഥലത്തുണ്ട്. അതിന്റെ ചുററുപാടുമുള്ള ഭൂമി കിളയ്ക്കുമ്പോൾ മുൻപറഞ്ഞ പ്രകാരമുള്ള വലിയ വെട്ടുകല്ലുകൾ ഭൂഗർഭത്തിൽനിന്നും കിട്ടാറുണ്ട്. തൃക്കുലശേഖരപുരത്തുനിന്ന് ഏകദേശം ഒരു മയിൽ പടിഞ്ഞാറായി 'മേത്തളി' (മേത്തല) എന്ന് ഒരു വിഷ്ണുക്ഷേത്രം ഇപ്പോൾ കാണുന്നത് പടയോട്ടത്തിനുശേഷം നവീകരിച്ചിട്ടുള്ളതാണ്. എന്നാൽ അവിടത്തെ ബിംബം പഴയതും വലിയതുമായിക്കാണപ്പെടുന്നതുകൊണ്ട് അതിനു തക്കതായ ഒരു പ്രാസാദം ഉണ്ടാക്കുന്നതാണെങ്കിൽ മേൽപറഞ്ഞ ക്ഷേത്രങ്ങളെപ്പോലെ ആയിത്തീരുന്നതാണ്.

ഇങ്ങനെ തിരുവഞ്ചിക്കുളത്തേക്കാൾ പ്രാചീനങ്ങളും മഹത്തരങ്ങളും ആയ മററു ക്ഷേത്രങ്ങളെല്ലാം വെട്ടുകല്ലുകൊണ്ടുതന്നെ നിർമ്മിച്ചവയായിരിക്കെ തിരുവഞ്ചിക്കുളം ക്ഷേത്രമാണ് ആദ്യമായി കരിങ്കല്ലുകൊണ്ട് പണിചെയ്യപ്പെട്ടതെന്ന് ഒരൂഹം ജനിക്കുന്നു. ഇതിലേക്കു വേണ്ടി പരദേശത്തുനിന്നു ക്ഷേത്രം പണിയിൽ നൈപുണ്യമുള്ള കരിങ്കൽപ്പണി

ക്കാരെ പെരുമാൾ പ്രത്യേകം വരുത്തിയിട്ടാണ് ഈ ക്ഷേത്രം പണികഴിപ്പിച്ചിട്ടുള്ളതെന്ന് ഇവിടെ ഐതിഹ്യമുണ്ട്. ആ പണിക്കാക്ക് കുടുംബത്തോടുകൂടി പാക്കവാനായി ആ ക്ഷേത്രത്തിൽനിന്നും അല്പം വടക്കുപടിഞ്ഞാറ് അരാകുളത്തിന്റെ തെക്കുഭാഗത്തും മഹോദയപട്ടണത്തിന്റെ വടക്കെ അററത്തുമായി പ്രത്യേകസ്ഥലം അനുവദിച്ചുകൊടുത്തിരുന്നു. ആ ഭാഗത്തിനു ഇപ്പോഴും "കല്ലത്തെരുവ്" എന്നാണ് പേർ പറഞ്ഞുവരുന്നതു്. ഇന്നും ആ കരിങ്കൽപ്പണിക്കാരുടെ മാതൃഭാഷ തമിഴും, സ്ത്രീകളുടെ വസ്ത്രധാരണം പരദേശികളുടെ സമ്പ്രദായത്തിലുമാണ്. ഇവരിൽ സ്വൎണ്ണം, വെള്ളി, ചെമ്പ്, ഓട് ഈവക ലോഹങ്ങൾകൊണ്ടു് പണിചെയ്യുന്നവരും ഉണ്ട്. ഇവക്ക് മൊത്തത്തിൽ "ശില്പാചാരി" എന്നുള്ള സ്ഥാനമാണ് മാന്യമായി വച്ചിരിക്കുന്നതു്. ഈ വൎഗ്ഗക്കാർ കാലക്രമേണ തൃപ്പൂണിത്തുറ, ചങ്ങനാശ്ശേരി, പെരിമ്പിള്ളിശ്ശേരി, ഇരിഞ്ഞാലക്കുട മുതലായ സ്ഥലങ്ങളിൽ തൊഴിൽ തേടിപ്പോയി സ്ഥിരവാസക്കാരായി തീൎന്നിട്ടുണ്ട്. ഇവരുടെ വരവിനു മുമ്പും കരിങ്കല്ലുകൊണ്ടു് ഒഴക്കൻമട്ടിൽ അമ്മികൾ, പടവുകൾ, തളക്കല്ലുകൾ മുതലായവ പണിചെയ്യുന്ന മലയാളികൾ ഉണ്ടായിരുന്നു. ആവക പണിക്കാർ ഭാരതപ്പുഴയുടെ തീരദേശങ്ങളിൽ ഇപ്പോഴും ഉണ്ടുതാനും. അവക്ക് മുൻപറഞ്ഞ പരദേശിക്കല്ലന്മാരെപ്പോലെ കരിങ്കല്ലുകൊണ്ടു് മനോഹരമായ ശില്പവേലകൾ ചെയ്യുന്നതിൽ സാമൎത്ഥ്യം കുറവാണ്. പരദേശത്തുനിന്നും വന്ന മേല്പറഞ്ഞ കല്ലന്മാക്ക് ക്ഷേത്രത്തിന്റെ ശാലാകൂടപഞ്ജരങ്ങൾ മൃഗമാല, ഭൂതമാല, പക്ഷിമാല, ദിക്പാലാദി മന്ത്രമൂൎത്തികൾ ശിവൻ, വിഷ്ണു മുതലായ ദേവന്മാരുടെ വിഗ്രഹങ്ങൾ എന്നിവയെല്ലാം പണിചെയ്യുന്നതിന്നു് പ്രത്യേക നൈപുണ്യമുണ്ട്. അതിന്നുള്ള "കടകഭൂഷണം" മുതലായ പ്രമാണഗ്രന്ഥങ്ങൾ തമിഴ്ഭാഷയിൽ പാട്ടുകളായിട്ടാണ് ഇന്നും അവർ പഠിച്ചുവരുന്നതു്. തന്ത്രസമുച്ചയം, ശില്പിരത്നം മുതലായ സംസ്കൃതശില്പശാസ്ത്രഗ്രന്ഥങ്ങളിലെയും ഇവരുടെ തമിഴ്പ്പാട്ടുകളിലെയും വിധികൾ തമ്മിൽ യാതൊരു ഭേദവും കാണുന്നതുമില്ല.

തിരുവഞ്ചിക്കുളം ക്ഷേത്രത്തിന്റെ സ്ഥാപകനായ പെരുമാൾ ആ ക്ഷേത്രനിൎമ്മാണത്തെ തന്റെ ജീവിതസൎവ്വസ്വമായി കരുതത്തക്കവണ്ണം അത്രത്തോളം ശിവഭക്തനായിരുന്നതുകൊണ്ട് ആ ക്ഷേത്രനിൎമ്മാണത്തിലേക്കുവേണ്ടി എന്തെല്ലാം കരുതലുകൾ ചെയ്താലും എത്രമാത്രം ധനം ചെലവഴിച്ചാലും അവയൊന്നും അദ്ദേഹത്തിന്റെ ആസ്തിക്യത്തോട് താരതമ്യപ്പെടുത്തുമ്പോൾ ആക്കും വിസ്മയകരമായി തോന്നുന്നതല്ല.

അന്നത്തെ ക്ഷേത്രത്തിന്റെ പ്രാസാദാദികളെല്ലാം പരദേശങ്ങളിൽ ഇപ്പോഴും കാണുന്ന മഹാക്ഷേത്രങ്ങളെപ്പോലെ മുഴുവൻ ശിലാമയ (കരിങ്കല്ലുവെൺമാട)ങ്ങളായിത്തന്നെയാണോ പണിചെയ്തിരുന്നതെന്നു് നിർണ്ണയിക്കുവാൻ ഇപ്പോൾ യാതൊരു പിടിയും കിട്ടുന്നില്ല. കേരളത്തിൽ തേക്കു മുതലായ ഉത്തമദാരുക്കൾ സുലഭങ്ങളാകയാൽ ബിംബങ്ങൾകൂടി ദാരുക്കൾകൊണ്ടുണ്ടാക്കാറുള്ള സ്ഥിതിക്കു പ്രാസാദങ്ങളുടെ മേൽപ്പുരകൾ മരംകൊണ്ടു് പണിചെയ്തവയായിരിക്കാനേ സംഗതിയുള്ളു. അങ്ങിനെയല്ലെങ്കിൽ അഗ്നിഭയം അത്ര എളുപ്പത്തിൽ സംഭവിക്കുന്നതല്ലല്ലോ. തെക്കൻ തിരുവിതാംകൂറിലുള്ള 'ശുചീന്ദ്രം' മുതലായ പ്രാചീനക്ഷേത്രങ്ങളിൽ ഇന്നും പരദേശസമ്പ്രദായത്തിൽ തന്നെ നിലനിന്നു വരുന്നതുപോലെ ശിവദ്വിജന്മാർ (മൂത്തതിന്മാർ) ആയ നമ്പിമാരുടെ പൂജകളും, രഥോത്സവം മുതലായതും പുരാതനകാലത്തു ഈ ക്ഷേത്രത്തിലും ഉണ്ടായിരുന്നതായി വിചാരിക്കാവുന്നതാണു്. അങ്ങിനെയല്ലെങ്കിൽ പെരുമാളുടെ പിൻവാഴ്ചക്കാരായ കൊച്ചി മഹാരാജാക്കന്മാർ സ്ഥാനാരോഹണാനന്തരം ഈ ക്ഷേത്രത്തിന്റെ പടിഞ്ഞാറെക്കൊട്ടാരത്തിൽ ആദ്യമായി എഴുന്നള്ളുമ്പോൾ ക്ഷേത്രാവകാശികളായ ശിവദ്വിജ (മൂത്തതു്) ന്മാരിൽ വച്ചു് വയസ്സുമൂപ്പുള്ള "വെളുത്ത നമ്പി" (വെളുത്ത നമ്പി എന്നാണു് സ്ഥാനപ്പേർ) മഹാരാജാവിന്റെ തൃക്കയ്യിൽ ഒരു പണക്കിഴി കൊടുക്കുകയും, ശിരസ്സിൽ അരിയിട്ടു് "ഗംഗാധരതിരുകോവിൽ പാട്" എന്ന സ്ഥാനപ്പേർ വിളിക്കുകയും ചെയ്യുന്ന നടപ്പു് ഇന്നും ഉണ്ടാകുന്നതല്ലല്ലോ. 'യാത്ര' എന്ന അപരപര്യായത്തോടുകൂടിയ ദേവന്മാരുടെ ഉത്സവത്തിലെ എഴുന്നള്ളിപ്പിൽ സേനാംഗങ്ങളിൽ ഒന്നായ രഥത്തിനുപകരം കേരളത്തിൽ ഗജത്തെ വാഹനമായി ഉപയോഗിക്കുന്നതു കൂടുതൽ സൌകര്യപ്രദമാകയാൽ ഇവിടത്തെ ഉത്സവത്തിലും ഗജങ്ങൾക്കു തന്നെ പ്രാധാന്യമുണ്ടായി എന്നുമാത്രമെ വിചാരിപ്പാനുള്ളു. എന്നിട്ടും ദിവസേന രാത്രി പള്ളിയറയ്ക്കെഴുന്നള്ളിക്കുന്നതു ഇപ്പോഴും പല്ലക്കിലാകകൊണ്ടു് പുരാതനാചാരത്തെ തീരെ അവഗണിച്ചിട്ടില്ലെന്നു വിചാരിക്കാം.

മൂത്തതു് എന്ന ശിവദ്വിജന്മാർ ക്ഷേത്രങ്ങളിൽ വിശേഷിച്ചും ശിവക്ഷേത്രങ്ങളിൽ മററുള്ള അമ്പലവാസികളെപ്പോലെയല്ലാതെ ഉത്സവകാലങ്ങളിലും മററും ദേവന്റെ തിടമ്പു് എഴുന്നള്ളിക്കുകയും, നിവേദ്യസാധനങ്ങൾസൂക്ഷിച്ചു് സമയംപോലെ ശാന്തിക്കാരെ ഏല്പിച്ചു കൊടുക്കുകയും നിവേദ്യം കഴിഞ്ഞാൽ അവയെ വഴിപാടുകാൎക്കു ഭാഗിച്ചു

കൊടുക്കുകയും ചെയ്യുന്ന പതിവ് ഇന്നും എറണാകുളം മുതലായ ക്ഷേത്രങ്ങളിൽ നടന്നുവരുന്നുണ്ടല്ലോ. അവരുടെ ഈ പ്രവൃത്തിക്കു "തൃക്കോവിലടിയന്തര"മെന്നു പേർ പറഞ്ഞുവരുന്നു. തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ "വെളുത്ത നമ്പി" എന്ന ആൾ ദേവസ്വംവക ആധാരങ്ങളിൽ ദേവപ്രതിനിധിയായി ഒപ്പിടുകയും അതിലേക്കു "ഒപ്പുംതുശിയവകാശം" എന്ന പേരിൽ ഒരു പ്രതിഫലം അദ്ദേഹത്തിന്നു ദേവസ്വത്തിൽനിന്നും കൊടുക്കുകയും അടുത്തകാലംവരെപ്പതിവുണ്ടായിരുന്നു. എന്നാൽ ദേവസ്വംഭരണത്തിൽ ഓരോ പരിഷ്ക്കാരങ്ങൾ വന്നതോടുകൂടി ആധാരങ്ങളിൽ ഒപ്പിടേണ്ട ചുമതല ഇല്ലാതായിത്തീൎന്നിട്ടുണ്ടെങ്കിലും ഒപ്പുംതുശിയവകാശം വകക്ക് അവൎക്കുള്ള പ്രതിഫലം കൊല്ലത്തിൽ ഇത്രയെന്നു ക്ലുപ്തപ്പെടുത്തി ഒരു സംഖ്യ ഇപ്പോഴും കൊടുത്തുവരുന്നുണ്ട്. തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൂജകൻ നമ്പൂരിയോ, എമ്പ്രാനോ ആരായിരുന്നാലും അദ്ദേഹത്തിന്റെ സ്ഥാനപ്പേർ "നമ്പി"യെന്നാണെന്നു "നമ്പിയാരെന്നു ചോദിച്ചു നമ്പിയാരെന്നു ചൊല്ലിനേൻ" എന്നുള്ള മഹാകവി കുഞ്ചൻനമ്പ്യാരുടെ ശ്ലോകത്താൽ പ്രസിദ്ധമാണല്ലോ. ഇതുപോലെ വടക്കൻ ദിക്കുകളിൽ നെടിയിരിപ്പ് സ്വരൂപത്തിലെ 'തളിയിൽ ക്ഷേത്രം' മുതലായ പല ദേവാലയങ്ങളിലെയും പൂജകന്മാരായിരുന്ന ശിവദ്വിജന്മാൎക്കും (മൂത്തതിന്മാൎക്കും) നമ്പി എന്ന സ്ഥാനപ്പേരുണ്ടായിരുന്നു എന്നുള്ളതു "പുന്നശ്ശേരി നമ്പി" എന്ന പേരിന്റെ കാരണമന്വേഷിച്ചതിൽ അറിവാൻ സംഗതിവന്നിട്ടുണ്ട്. അവിടെയും ഇല്ലത്തു മൂസ്സിന്നു മാത്രമേ നമ്പി എന്ന സ്ഥാനപ്പേരുള്ളു. തിരുവഞ്ചിക്കുളത്തു രണ്ടില്ലക്കാരുള്ളതിൽ അന്നന്നു വയസ്സു മൂത്ത ആൾക്കുമാത്രമേ നമ്പിസ്ഥാനമുള്ളു. കുറെക്കാലമായിട്ട് ഈ നമ്പി എന്ന പേരിന്റെ ആഗമം അറിയാതെയോ മറേറാ ദേവസ്വം രേഖകളിൽ "വെളുത്ത നമ്പ്യാർ" എന്നാണ് എഴുതിവരുന്നതെന്നു കേൾക്കാനുണ്ട്. "വഴിപാട്ടരി പാട്ടരിക്കളെക്കും......... പുതുവാൾ മൂത്തവന്നേഷ സമ്പ്രയാതി" എന്ന ശ്ലോകം കൊണ്ട് ചാക്യാർ മൂത്തതിനെ പുതുവാളാക്കിയതുപോലെയുള്ള ബുദ്ധിമുട്ടൊന്നും കൂടാതെ ദേവസ്വം കണക്കെഴുത്തുകാർ മൂത്തതിനെ നമ്പ്യാരാക്കിയതുകൊണ്ടായിരിക്കാം ഇങ്ങനെ പേരുമാററം വന്നതു്.

"നമ്പ്" എന്ന ധാതു ദ്രവിഡഭാഷയിൽ (ഈശ്വരനെ) വിശ്വസിക്കുക എന്നൎത്ഥത്തിലുള്ളതാണ്. ആ ധാതുവിൽനിന്നു നമ്പൂതിരി, നമ്പ്യാതിരി, നമ്പി, നമ്പിയാർ, നമ്പിടി എന്നിങ്ങനെ പല നാമങ്ങളും

വ്വൽപാദിതങ്ങളായിട്ടുണ്ട്. അവയെല്ലാം സാമാന്യത്തിൽ അൎത്ഥഭേദമില്ലെങ്കിലും സംജ്ഞാനാമമാകുമ്പോൾ അൎത്ഥഭേദം കൂടാതെ കഴിയുന്നതല്ലല്ലോ.

ചേരമാൻ പെരുമാളുടെ പരദേവതയായ തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ ദേവന്റെ ആറാട്ട് സമുദ്രത്തിലാകുന്നു. കുലശേഖരപ്പെരുമാളുടെ പരദേവതയായ ശ്രീപദ്മനാഭസ്വാമിയുടെ ആറാട്ടും ഇതുപോലെതന്നെ സമുദ്രത്തിലാണല്ലോ. അവിടെ ദേവനെ ആറാട്ടിന്നു എഴുന്നള്ളിക്കുമ്പോൾ തിരുവിതാംകൂർ മഹാരാജാക്കന്മാർ ഉടവാൾ ധരിച്ച് ദേവന്റെ മുമ്പിൽ അകമ്പടി സേവിക്കുന്ന പതിവ് ഇപ്പോഴും നടന്നുവരുന്നുണ്ട്. അതുപോലെ ഇവിടേയും ദേവനെ ആറാട്ടിന്നെഴുന്നള്ളിക്കുമ്പോൾ അതിന്റെ മുമ്പിൽ കൊച്ചി മഹാരാജാക്കന്മാർ ഒരാനപ്പുറത്തുകയറി അകമ്പടിക്കെഴുന്നള്ളാറുണ്ടായിരുന്നു എന്നും ആ എഴുന്നള്ളത്തിന്നു "മുന്നാന കയറുക" എന്നു പേർ പറഞ്ഞിരുന്നു എന്നും പഴമക്കാർ പറയാറുണ്ട്. ഈ ആറാട്ടെഴുന്നള്ളിപ്പ് ക്ഷേത്രത്തിന്റെ പടിഞ്ഞാറുഭാഗത്തു പുറത്തുള്ള ഗോപുരം കടന്നാൽ കൊടുങ്ങല്ലൂർ രാജാവിന്റെ രാജ്യത്തുകൂടി പോകേണ്ടതാകയാൽ അതിലേക്കു അപ്പോൾ കൊടുങ്ങല്ലൂർ തമ്പുരാനും അകമ്പടിക്കു തയാറായിരിക്കും. ഒരിക്കൽ കൊച്ചിമഹാരാജാവ് എന്തോ കാരണവശാൽ തനിക്കു പകരം മുന്നാനകയററത്തിന്നു മുൻപറഞ്ഞ വെളുത്ത നമ്പിയെന്നാളെ കല്പിച്ചു നിയമിക്കുകയും അദ്ദേഹം മുന്നാനകയറിവരികയും ചെയ്തു എന്നും അതുകണ്ടപ്പോൾ പരിവാരങ്ങളോടുകൂടി അകമ്പടിക്ക് തയാറായിരുന്ന കൊടുങ്ങല്ലൂർ തമ്പുരാൻ തന്റെ സ്ഥാനം കിളിക്കോട്ട് മൂത്തപണിക്കരെ ഏല്പിച്ച് വാളും കൊടുത്തു കോവിലകത്തേക്കു മടങ്ങിയെന്നും വൃദ്ധന്മാർ പറഞ്ഞുവരുന്നു. ഇപ്പോൾ പെരുമ്പടപ്പുരാജാക്കന്മാരോ വെളുത്ത നമ്പിയോ മുന്നാനകയറുന്ന പതിവില്ലെങ്കിലും കിളിക്കോട്ടുപണിക്കരുടേയും പരിവാരങ്ങളുടേയും അകമ്പടി മുടങ്ങാതെ തന്നെ നടന്നുവരുന്നുണ്ട്.

(തുടരും)

കുന്നേഴത്തു പരമേശ്വരമേനോൻ.

# ആനന്ദലഹരി

ആരുടെയാരുണ്യം പൂണ്ടുള്ളൊരുഗോവാണന്തി
വാരുണമൈതാനത്തിൽ മേഞ്ഞിവളൊളിചിന്തി
ചാണ്ടുചൂണ്ടുകളുണ്ടിപ്പയ്യിന്നുമെയ്യിന്മേലും
പാണ്ഡുരവാം വളഞ്ഞുള്ള ചൂട്ടുനെററിയിന്മേലും
ചിൺപാതാവക്കിൽക്കാണാമിഗ്ഗോവിൻ കുളമ്പടി
യെമ്പാടും പറപ്പിച്ച ചെമ്പൂഴിമണ്ണിൻപൊടി!
ഇപ്പശു ഘടോധസ്സാൽച്ചുരത്തും പൈമ്പാൽത്തുള്ളി
യപ്പടി വററാതല്ലോ, മിന്നുന്നു വാനപ്പുല്ലിൽ!
കോമളാംഗം കോലുന്നീദ്ദേവിയാളേത്തുഴിയ്ക്കും
കാമദോഗ്ധ്രിയായ്‌വന്നു കൺകരൾകുളിർപ്പിയ്ക്കും
ചന്ദനക്കടൽക്കോളിൽക്കുളിപ്പിയ്ക്കുന്നു ദേവി
സന്ദഗ്ധമാകും ലോകം മന്ദഹാസത്തെത്തൂവി
മാടവും മദാൽപാടുമമ്മതൻ ജയഗാനം
മേടയും സദാത്തുവും ദേവിതന്നപദാനം!
പാവനദൃശ്യോദ്ദീപ്തസന്ധ്യതൻ സൌന്ദര്യത്തെ
യാവതും നുകർന്നു നിർത്തിഞാൻ നടത്തത്തെ

## II

കൈകാൽകൾ വെമ്പീടുമ്പോൾ കണ്ണുകൾ നനയുമ്പോൾ
ഏകൻഞാനങ്ങോട്ടെത്തിയോമലാളടുക്കുമ്പോൾ
'എന്തുതെററിപ്പോയാര്യ'നാസ്സുഷമാംഭോരാശി
നോന്തുപോമെന്നാത്മാവിൽ വീചിവാളപ്പോൾ വീശി
കൊന്നുജീവിപ്പിച്ചെന്നെക്കാകോളസുധാപൂർണ്ണാ
മിന്നുമാ വാളാലോമലാളവൾ പോയാൾതൂർണ്ണം
എങ്കിലും വഴികാട്ടി നീലപ്പൂ ചിന്നിച്ചിന്നി
ഭംഗിയായ്‌ കൃതഘ്നനാം പ്രേമരൂപിണീ തന്വി
സാകൂതനോട്ടത്താലേ പ്രണയം തെക്കിത്തന്നു–
മാകുലപ്രിയന്മാരെപ്പുലർത്തും സ്ത്രീയെന്നെന്നും
നിർണ്ണയം വരന്മാർക്ക വേരറുത്തീടും മോഹം
പൂർണ്ണമായ്‌ദ്ദിക്കാലാതിവർത്തിയാം പ്രിയാസ്നേഹം
സ്നേഹത്തിൻ പ്രകാശങ്ങൾ കരളിൽബ്ബിംബിയ്ക്കുന്നു
മോഹനസ്വപ്നത്തിങ്കലേവനും ചുംബിയ്ക്കുന്നു.
അല്പനേരം കൊണ്ടാർക്കും നുകരാമാനന്ദത്തെ
അപ്പരിപൂർണ്ണസ്വാതന്ത്ര്യസുന്ദരീനിർവ്വാണത്തെ.

പുഴയ്ക്കൽ, ടി. ആർ. നായർ.

# പുസ്തകാഭിപ്രായം.

## ചോററാനിക്കര ക്ഷേത്രം.

കൊച്ചി സക്കാർ ദേവസ്വം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗോശ്രീമൂലഗ്രന്ഥാവലി ഒന്നാം നമ്പ്രായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാണ് ചോററാനിക്കര ക്ഷേത്രം. കേരളത്തിലുള്ള ദുർഗ്ഗാലയങ്ങൾ നൂററെട്ടിൽ പെട്ടതും ചരിത്രപ്രഖ്യാതിയുള്ളതും ഇന്നും ഭക്തരായ അനേകം ആളുകളെ ആകർഷിക്കുന്നതും കാഴ്ചക്ക് അതിമനോഹരവും കാര്യത്തിൽ അനുഭവവേദ്യവുമായ പ്രസ്തുതക്ഷേത്രത്തിന്റെ അത്ഭുതാവഹമായ ചരിത്രമാണ് ഇതിലടങ്ങിയിരിക്കുന്നതു്. അവതാരിക, പ്രദേശം, പഴക്കം, ഉല്പത്തി, ചെറുമിയുടെ കഥ, കണ്ണപ്പന്റെ കഥ, വെണ്ണനാട്ടുഗ്രാമപരദേവത, സക്കാർ ഭരണം, മൂർത്തികൾ, ശ്രീകോവിൽ, പൂജ, ഉത്സവങ്ങൾ, മകംമഹോത്സവം, കാർത്തികതൊഴൽ, കീഴേടം കാവുകൾ, വഴിപാടുകൾ, ഭഗവതിയുടെ ലീലകൾ, സ്തോത്രങ്ങൾ, അനുബന്ധം എന്നിവയാണ് ഇതിലെ പ്രതിപാദ്യമായ വിഷയങ്ങൾ. പ്രസ്തുതപുസ്തകം വായിക്കുന്തോറും ആനന്ദവും ആസക്തിയും വായനക്കാക്കുളവാകുന്നുണ്ടു്. മനുഷ്യഹൃദയത്തിൽ ദൃഢമായ ഈശ്വരവിശ്വാസം ഉളവാകണമെങ്കിൽ ഇത്തരം ഗ്രന്ഥങ്ങളുടെ പാരായണം അവശ്യം ആവശ്യമായിരിക്കുന്നു തികഞ്ഞ സാഹിത്യരസികനായ ശ്രീമാൻ പുത്തേഴത്തു രാമൻ മേനവനവർകൾ ഇതിനെഴുതിയിട്ടുള്ള അവതാരിക ഇതിനുള്ള മാററുകൂട്ടുകതന്നെയാണു ചെയ്യുന്നതു്.

കൊച്ചിരാജ്യത്തു മാത്രമല്ല കേരളത്തിലുള്ള എല്ലാക്ഷേത്രങ്ങളുടേയും ചരിത്രം അറിഞ്ഞിരിക്കേണ്ടതു് ഒരു ഉത്തമഹിന്ദുവിന്റെ കടമയാകുന്നു. കൊച്ചിദേവസ്വം വകുപ്പദ്ധ്യക്ഷനവർകളുടെ ഈദൃശശ്രമങ്ങൾ എത്രയും ശ്ലാഘാർഹങ്ങൾതന്നെ. ലളിതകോമളമായ ഭാഷയിലെഴുതീട്ടുള്ള പ്രസ്തുതപുസ്തകത്തിനുള്ള വില എട്ടണ ഒട്ടും അധികമല്ല

## തിരുമുൽക്കാഴ്ച.

പ്രസാധകന്മാർ:— യുവജനസമിതി—മണലൂർ. വില 8 ണ.
ധാർമ്മികചക്രവർത്തി തിരുമനസ്സിലെ 78-ാമത്തെ തിരുനാൾ
സ്മാരകമായി തൃപ്പാദപത്മങ്ങളിൽ സമർപ്പിച്ചതു്.

രാജഭക്തന്മാരും സാഹിതീസേവകന്മാരും കവനകലാകുശലന്മാരുമായ ശ്രീമാന്മാർ വള്ളത്തോൾ, ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, മേലങ്ങം മുതലായ സരസകവികളിൽനിന്നു സമ്പാദിച്ച "നിർവ്വാണമണ്ഡലം_കാഹളം_മിഥ്യ-ഞാനൊന്നു കാണട്ടെ. രാഗലഹരി_സന്നദ്ധ_വിശ്രമം_മാതൃരാജ്യം_കണ്ണുനീർ ദൂരം_ഭാരതം_, വിഭാതം_സ്വദേശത്തായിരുന്നെങ്കിൽ_നാവികൻ_നിർവൃതി_നിസ്സഹായത-ബാല്യം ആട്ടിൻകുട്ടി" എന്നിങ്ങനെ ദ്രാവിഡവൃത്തനിബദ്ധങ്ങളായ പതിനെട്ടു കവനരത്നങ്ങളുടെ സമാഹാരമാണിതു്.

ഇതിലെ കവനശകലങ്ങളെല്ലാം പ്രായേണ സാരതരങ്ങളും പ്രൗഢങ്ങളും സഹൃദയഹൃദയാസ്വാദ്യങ്ങളുമാണെന്നു പറവാൻ ഞങ്ങൾക്കു കൗതുകം തോന്നുന്നുണ്ടു്. ധാർമ്മികചക്രവർത്തി തിരുമനസ്സിലേയും സർവ്വാധികാര്യക്കാർ അവർകളുടേയും കമനീയമായ ഛായാപടങ്ങളും സമിതിയുടെ രക്ഷാധികാരിയും സർവ്വാധികാര്യക്കാരുമായ ശ്രീമാൻ പുത്തേഴത്തു രാമമേനോനവർകളുടെ സരസമായ പ്രസ്താവനയും രാജഭക്തന്മാരായ അനേകം യുവകവികളുടെ മംഗളാശംസകളും മററും ഈ "തിരുമുൽക്കാഴ്ച"ക്കു സവിശേഷം അലങ്കാരമായിട്ടുണ്ടു്.

ധാർമ്മികചക്രവർത്തി തിരുമനസ്സിലെ മാത്രമല്ല അനേകം ഭാഷാചക്രവർത്തികളേയും ആനന്ദിപ്പിക്കുവാൻ പര്യാപ്തങ്ങളായ ഇത്തരം "തിരുമുൽക്കാഴ്ച"കൾക്കു്, ഇതരങ്ങളായ തിരുമുൽക്കാഴ്ചകളേക്കാൾ പ്രാഥമ്യവും പ്രാധാന്യവും കൊടുക്കുന്ന [illegible] കൈരളീദേവിക്കും തൽഭക്തന്മാൎക്കും അതൊരനുഗ്രഹമായിത്തീരുമെന്നു പറയാവുന്നതാണു്.

മണലൂർ യുവജനസമിതി വക വായനശാലയുടെ ഗ്രന്ഥാവലിയിലെ ഒന്നാം നമ്പ്രായി പ്രസിദ്ധീകൃതമായ ഈ "തിരുമൂൽക്കാഴ്ച"യിൽനിന്നുണ്ടാകുന്ന ലാഭം വായനശാലയ്ക്കു പോഷകമായിത്തീരുമെന്നു കാണുന്നതിലാനന്ദിക്കയും സമിതിക്കു വേണ്ടത്ര പ്രോത്സാഹനം നൽകുവാൻ ഉദാരാശയന്മാരോടഭ്യർത്ഥിക്കുകയും രണ്ടാംനമ്പർ പുസ്തകവും ഒന്നാംനമ്പ്രായിത്തന്നെ അചിരേണ പ്രസിദ്ധീകരിച്ചുകാണുവാൻ ഞങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു.

## യോഗാർണ്ണവം.

(ഒന്നാംഭാഗം)

### ഘൃതയോഗങ്ങൾ.

സമ്പാദകനും വ്യാഖ്യാതാവും ബ്രഹ്മശ്രീ കാണിപ്പയ്യൂർ ശങ്കരൻ
നമ്പൂതിരിപ്പാട് അവർകൾ—പ്രകാശകന്മാർ പഞ്ചാംഗം
പുസ്തകശാല കുന്നംകുളം. വില-ഒരു ഉറുപ്പിക.

തച്ചുശാസ്ത്രം, ജ്യോതിഷം, ആയുർവ്വേദം തുടങ്ങിയ വിവിധശാസ്ത്രങ്ങളിലും അപാരമായ പാണ്ഡിത്യം സമ്പാദിച്ച ബ്രഹ്മശ്രീ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് അവർകൾ അഷ്ടാംഗഹൃദയം, ചരകം, ചക്രദത്തം, സഹസ്രയോഗം, യോഗരത്നാകരം, ഭൈഷജ്യരത്നാവലി, മുതലായ അനേകം വൈദ്യഗ്രന്ഥങ്ങളിൽ നിന്നും എടുത്തു കൂട്ടിച്ചേർത്ത ഘൃതയോഗങ്ങളാണ് ഈ യോഗാർണ്ണവം എന്ന പുസ്തകം, പല പുസ്തകങ്ങളിൽ പലേടത്തുമായി ചിന്നിച്ചിതറിക്കിടക്കുന്ന യോഗങ്ങളെ കൂട്ടിച്ചേർക്കുന്നതുതന്നെ വളരെ ഭാരമേറിയ പണിയാണ്. മാത്രമല്ല യോഗങ്ങളിൽ അതാതിന്റെ ഗ്രാഹ്യാംശങ്ങളെ പ്രത്യേകം പറയാതെ ഇന്നയിന്ന മരുന്നുകൾകൊണ്ടുള്ള കഷായത്തിൽ ഇന്നയിന്ന മരുന്നുകൾ കല്ക്കംചേർത്ത് കാച്ചുക എന്നുമാത്രമെ പറയാറുള്ളൂ. മരുന്നുകളുടെ എണ്ണം പലവിധത്തിലാകകൊണ്ട് ഓരോ മരുന്നും എത്രവീതം വേണമെന്ന് കണക്കാക്കി തെറ്റുകൂടാതെ തൂക്കിയെടുക്കുവാനും വളരെ പ്രയാസമാണ്. ഏതുതരത്തിലായാലും ഒരു വൈദ്യന്റെ സഹായം കൂടാതെ ഒരു വൈദ്യശാലക്ക് ഔഷധനിർമ്മാണത്തിന്, സാധിക്കയില്ല. ഈ കുറവിനെ പരിഹരിക്കുവാനായി സമ്പാദകൻ ചെയ്തിട്ടുള്ള ശ്രമം സ്തുത്യർഹമാണെന്നുതന്നെ പറയണം. വൈദ്യന്മാർക്കും വൈദ്യശാലക്കാർക്കും വൈദ്യേതരന്മാർക്കും ഈ ഗ്രന്ഥംകൊണ്ട് വളരെ ഉപകാരം ഉണ്ടാകുന്നതാണ്. ചില മരുന്നുകൾ, കുരുകളയുക, തൊലിനീക്കുക, ആരുംമൊരിയും കളയുക, ശുദ്ധിചെയ്യുക മുതലായ സംസ്കാരങ്ങൾ ഏതെല്ലാം ഔഷധങ്ങൾക്കാണ് അവശ്യം ആവശ്യമായിട്ടുള്ളതെന്ന് ഔഷധശാലക്കാർക്കും വൈദ്യേതരന്മാർക്കും അത്ര അറിവുണ്ടായിരിക്കയില്ല. അക്കാര്യവും പ്രസ്തുതപുസ്തകത്തിൽ സുവ്യക്തമാംവണ്ണം പ്രസ്താവിച്ചിട്ടുണ്ട്. മരുന്നുകൾ എത്രവീതം തൂക്കിയെടുക്കണമെന്നും എത്ര വെള്ളത്തിൽ കഷായംവെച്ച് എത്രയർക്കേണമെന്നും അരച്ചുകലക്കേണ്ടതായ മരുന്നുകൾ എന്തെല്ലാമെന്നും എത്ര കഴഞ്ചു വീതമെന്നും എത്ര നൈ ചേർക്കേണമെന്നും പാലോ മറ്റുവല്ല ദ്രവങ്ങളോ ചേർക്കേണമെങ്കിൽ ഇത്രയെന്നും പാത്രപാകക്രമവും മറ്റും വളരെ വിസ്തരിച്ചു ഇതിൽ പറഞ്ഞിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പ്രസ്തുതപുസ്തകം ഔഷധശാലക്കാർക്ക് അത്യാവശ്യവും മറ്റുള്ളവർക്കും ആവശ്യവും ആയ ഒരു ഗ്രന്ഥമാണെന്ന് നിസ്സംശയം പറയാം. ഇതുപോലെ സമ്പാദകൻ ആയുർവ്വേദവിധിയിൽപെട്ട തൈലയോഗങ്ങൾ, ലേഹയോഗങ്ങൾ, ചൂർണ്ണയോഗങ്ങൾ, ഗുളികായോഗങ്ങൾ, ആസവാരിഷ്ടയോഗങ്ങൾ, കഷായയോഗങ്ങൾ, ഔഷധശുദ്ധിക്രമം സിന്ദൂരങ്ങൾ മുതലായ പല യോഗങ്ങളും എഴുതി ലോകോപകാരപ്രദമാക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സമ്പാദകനും പ്രകാശകന്മാർക്കും ഞങ്ങൾ സർവ്വമംഗളങ്ങളുമാശംസിക്കയും ചെയ്തുകൊള്ളുന്നു.